## പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അൻപത്തിയൊന്നാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2009-2011)യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അൻപത്തിയൊന്നാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2009-2011)യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

433/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | I |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും തുടർ ശിപാർശകളും | .. | 51 |
| അനുബന്ധം II : | .. | 54 |
| അനുബന്ധം III : | .. | 62 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019 -2021)

### ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. സുരേഷ് കുറുപ്പ് .

<u>അംഗങ്ങൾ :</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ , അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ . ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി വരെ.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ അൻപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2009-2011)-യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിലെ (പത്തനംതിട്ട, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2020 ഫെബ്രുവരി മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 12.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ടിലെ (പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ട് 2010 മാർച്ച് 11-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 43 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടി 17-9-2014, 25-7-2018, 30-4-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ 21, 22, 23, 24, 28, 29, 39, 40, 53, 75, 76, 77, 78, 92, 135 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞു.

1.4 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ്, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മപരിശോധനാറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നുതീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം III-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം II

**2. സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശയും.**

### ഖണ്ഡിക നമ്പർ 21

### ശിപാർശ

2.1.1 വനിതാ റെസ്റ്റോറന്റ് ആന്റ് കാറ്ററിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിന്റെ ആരംഭഘട്ടത്തിൽ തന്നെ യൂണിറ്റിനെ സംബന്ധിച്ച് പരാതികൾ ഉയർന്നിരുന്നതായി

സമിതി മനസ്സിലാക്കുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തി ആസ്തികൾ വീണ്ടെടുക്കുന്നതിലും, കണ്ടെത്തുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുന്നതിലും, യൂണിറ്റിന്റെ തകർച്ചയ്ക്ക് ഉത്തരവാദിയാരെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിലും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച വന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ യൂണിറ്റിന്റെ പ്രവർത്തനത്തെ വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ആരെന്ന് കണ്ടെത്തി അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും അത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 പദ്ധതി വർഷത്തിൽ സേവന മേഖലയിൽ ഏറ്റെടുത്ത വനിതാ റസ്റ്റോറന്റ് ആന്റ് കാറ്ററിംഗ് യൂണിറ്റിന്റെ നടത്തിപ്പിൽ ധനദുർവിനിയോഗം നടത്തിയെന്ന് കാണിച്ച് സെക്രട്ടറി കുഞ്ഞമ്മ ശാമുവേൽ, ഖജാൻജി ബിജി റജി എന്നിവർക്ക് 3-7-2001-ൽ നോട്ടീസ് നൽകി. ആയത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിരവധി തവണ യൂണിറ്റിന് കത്തുകൾ നൽകിയിരുന്നു. സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദി, മുൻ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി എം. എസ്. വത്സലാദേവിയാണെന്നും, തങ്ങൾ നിരപരാധിയാണെന്നും കാണിച്ച് ടിയാൾക്കാർ മറുപടി നൽകി. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ഈ വിഷയത്തിൽ 16-1-2008-ന് തെളിവെടുപ്പ് നടത്തുകയും ശ്രീമതി വത്സലാദേവി പണം ദുർവിനിയോഗം ചെയ്തതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 3 ലക്ഷം രൂപയും നാളിതുവരെയുള്ള പലിശയും ശ്രീമതി വത്സലാദേവിയുടെ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കണമെന്ന് ശിപാർശ ചെയ്തതനുസരിച്ച് 20-5-2010 തീയതിയിൽ 20/2000/ബി.പി.കെ. നമ്പരായി ശ്രീമതി വത്സലാദേവിക്ക് രജിസ്റ്റേഡ് കത്ത് അയച്ചു. എന്നാൽ ടി കത്ത് കൈപ്പറ്റാതെ മടങ്ങി. ടി കേസ് ഗവൺമെന്റ് റഫേർഡ് കേസായി ബഹു.മാനപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്യുകയും കേസ് ഇപ്പോൾ ഓംബുഡ്സ്മാന്റെ പരിഗണനയിലുമാണ്. 6-11-2010-ലെ ബഹു. ഓംബുഡ്സ്മാന്റെ നിർദ്ദേശ പ്രകാരം ശ്രീമതി വത്സലാദേവി അവസാനം താമസിച്ച സ്ഥലത്തെ അധികാര പരിധിയിലുള്ള വില്ലേജ് ഓഫീസർക്ക് കത്ത് നൽകി അവരുടെ സ്ഥാവരജംഗമ വസ്തുക്കളുടെ ലിസ്റ്റ് ആവശ്യപ്പെട്ടു. ആയതിൻപ്രകാരം വത്സലാദേവി എന്നയാളുടെ സ്വന്തം പേരിൽ കോന്നി താഴം വില്ലേജിന്റെ പരിധിയിൽ നിലവിലുള്ള വില്ലേജ് റിക്കാർഡിൻപ്രകാരം ഭൂമിയില്ലായെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കേസ് ഓംബുഡ്സ്മാന്റെ പരിഗണനയിലായതിനാൽ ഓംബുഡ്സ്മാന്റെ നിർദ്ദേശ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2.1.3 27-2-2008-ലെ നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 15-3-2008-ൽ വനിതാ കേറ്ററിംഗ് യൂണിറ്റിന്റെ ആസ്തികൾ കണ്ടെടുത്ത് തരണമെന്ന് ആവശ്യപ്പെട്ട് കോന്നി സർക്കിൾ ഇൻസ്പെക്ടർ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും, അതിൻപ്രകാരം 15-9-2010-ൽ 680-ാം നമ്പരായി കോന്നി പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജെ.എഫ്.സി.എം. കോടതി 2-ൽ സി.സി.427/11-ാം നമ്പരായി കേസ് നടന്നുവരുകയുമാണ്.

2.1.4 യൂണിറ്റിന്റെ തകർച്ചയ്ക്ക് വഴിതെളിച്ച വത്സലാദേവിയ്ക്കെതിരെ ഗവൺമെന്റ് റഫേർഡ് കേസ് ഓംബുഡ്സ്മാനിൽ നടക്കുന്നതിനാൽ വിധി വന്നതിനുശേഷമേ അന്തിമ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. 6-12-2013, 5-2-2014, 5-3-2014, 4-4-2014 എന്നീ തീയതികളിൽ കേസിന്റെ സിറ്റിംഗിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഹാജരായിരുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.1.5 5-11-2010-ൽ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ ഗവൺമെന്റ് റെഫേർഡ് കേസായി ഈ വിഷയം പരിഗണനയിലിരിക്കുന്നു. വനിതാ കേറ്ററിംഗ് യൂണിറ്റിന്റെ ആസ്തികൾ വീണ്ടെടുത്ത് തരണമെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പരാതിയിന്മേൽ ശ്രീമതി വത്സലാദേവിക്കെതിരെ 15-9-2010-ൽ നമ്പർ 680 ആയി കോന്നി പോലീസ് ഇന്ത്യൻ ശിക്ഷാ നിയമം 1860 സെക്ഷൻ 406 ചുമത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ആയത് പ്രകാരം ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സി.സി.നമ്പർ 427/11 ആയി പത്തനംതിട്ട ജുഡീഷ്യൽ I Class Magistrate Court -II-ൽ കേസ് നടന്നുവരുന്നു. അന്തിമവിധി ആയിട്ടില്ല.

<u>തുടർ ശിപാർശ</u>

**2.1.6 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേസ്സിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും നിലവിലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 22**

<u>ശിപാർശ</u>

2.2.1 കോന്നി ബ്ലോക്കിൽ പ്രവർത്തിച്ചിരുന്ന "ലേഡീസ് പ്രസ്റ്റീജ്" എന്ന വനിതാ റസ്റ്റോറന്റ് ആന്റ് കേറ്ററിംഗ് യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച ഗവൺമെന്റ് അന്വേഷണ റിപ്പോർട്ടിലും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ലഭിച്ച മൊഴികളിലും നിന്ന് വ്യക്തമാകുന്നത് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കോന്നി ബ്ലോക്ക് പഞ്ചായത്തിലെ മുൻ

അംഗവും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സനുമായ ശ്രീമതി വത്സലാദേവിയുടെ സമ്പൂർണ്ണ ഉടമസ്ഥതയിലാണ് നടത്തിയിരുന്നത് എന്നാണ്. ശ്രീമതി വത്സലാദേവി പഞ്ചായത്ത് അംഗം എന്ന പദവിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്ന പദവിയും ദുരുപയോഗം ചെയ്ത് പൊതുപ്രവർത്തന രംഗത്ത് പരിചയമില്ലാത്ത പാവപ്പെട്ട വനിതകളെ മുൻനിരയിൽ നിർത്തി ക്രമക്കേടുകൾ നടത്തുകയും പഞ്ചായത്തിന്റെ പണം ദുർവിനിയോഗം ചെയ്യുകയും ചെയ്തതായി സമിതി ചൂണ്ടിക്കാണിക്കുന്നു. സമൂഹത്തിന്റെ താഴത്തെ തട്ടിലുള്ള തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത ജനോപകാരപ്രദമായിരുന്ന ഒരു പദ്ധതി അഴിമതിയിൽ മുക്കി പ്രയോജനരഹിതമാക്കിയെന്നുമാത്രമല്ല ദരിദ്രരായ വനിതകളെ നിയമക്കുരുക്കിലും സാമ്പത്തിക ബാദ്ധ്യതയിലും പെടുത്തുകയായിരുന്നു ശ്രീമതി വത്സലാദേവി ചെയ്തത്. അതിനാൽ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 3 ലക്ഷം രൂപയും നാളിതുവരെയുള്ള പലിശയും ശ്രീമതി വത്സലാദേവിയുടെ ബാദ്ധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാത്രമല്ല പാവപ്പെട്ട വനിതകളെ വഞ്ചിച്ചതിനും ധനാപഹരണത്തിനും ഇവർക്കെതിരെ ക്രിമിനൽ കേസും എടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ പൊതുപ്രവർത്തക എന്ന നിലയിലുള്ള പദവി ദുരുപയോഗം ചെയ്തതിന് ഇവർക്കെതിരെ നടപടിയെടുക്കുന്നതിന് ഓംബുഡ്സ്മാനെ സമീപിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.2 പഞ്ചായത്തിലെ മുൻ അംഗവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സനുമായ ശ്രീമതി വത്സലാദേവിയ്ക്കെതിരെ 15-9-2010-ൽ നമ്പർ 680 ആയി കോന്നി പോലീസ് ഐ.പി.സി. ആക്റ്റ് 1860 സെക്ഷൻ 406 ചുമത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും അതുപ്രകാരം ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട് (ജെ.എഫ്.എം.സി.-II സി.സി. നമ്പർ 427/11 ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, പത്തനംതിട്ട II) കേസ് നടന്നുവരുന്നു. ടി കേസ് 24-5-2018-ന് അവധിയ്ക്ക് വെച്ചിട്ടുള്ളതും കക്ഷിയ്ക്കെതിരെ നോൺ ബെയിലബിൾ വാറന്റ് നൽകിയിട്ടുള്ളതുമാണ്.

2.2.3 427/11-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിന്റെ പ്രഥമ വിവര റിപ്പോർട്ടും, കോന്നി താലൂക്കിൽ ഏതെങ്കിലും വില്ലേജിൽ ടിയാന് വസ്തുവകകൾ ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടും ആവശ്യപ്പെട്ടിരുന്നതനുസരിച്ച്, കോന്നി പോലീസ് സ്റ്റേഷനിൽ നിന്ന് കേസ്സിന്റെ പ്രഥമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ കോന്നി താലൂക്കിന്റെ പരിധിയിൽ ഉള്ള എല്ലാ വില്ലേജുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വസ്തുവകകൾ സംബന്ധിച്ച ഫൈനൽ റിപ്പോർട്ട് നൽകാൻ കഴിയൂ എന്ന് കോന്നി തഹസീൽദാർ അറിയിച്ചിട്ടുണ്ട്.

2.2.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ സമീപിക്കുകയും കേസ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ 7-2-2015-ന് നടന്ന ഓംബുഡ്സ്മാൻ സിറ്റിംഗിൽ ക്രിമിനൽ ചട്ടപ്രകാരം കേസ് നടക്കുന്നതിനാൽ ശ്രീമതി വത്സലാദേവിക്കെതിരായി നടന്നുവന്നിരുന്ന ഗവൺമെന്റ് റഫേർഡ് കേസ് അവസാനിപ്പിച്ച് ഓംബുഡ്സ്മാൻ ഉത്തരവായിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.2.5 കേസ്സിന്റെ ഹിയറിംഗ് 14-8-2018-ന് നടന്നപ്പോൾ ആയത് 18-9-2018-ലേക്ക് അവധിക്ക് മാറ്റി വെച്ചിട്ടുണ്ട്. കേസ് ത്വരിതപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. കേസ് തീർപ്പാക്കിയിട്ടില്ലാത്തതിനാൽ ടിയാരിയിൽ നിന്നും തുക ഈടാക്കിയിട്ടില്ല.

<u>തുടർ ശിപാർശ</u>

**2.2.6 പ്രസ്തുത വിഷയം സംബന്ധിച്ച് കോടതിയിൽ നിലനിന്നിരുന്ന കേസിന്റെ വിധിയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 23**

<u>ശിപാർശ</u>

2.3.1 വനിതാ റെസ്റ്റോറന്റ് ആന്റ് കേറ്ററിംഗ് യൂണിറ്റിന്റെ ഫർണിച്ചറുകൾ അടിയന്തരമായി കണ്ടെടുത്ത് പൊതുലേലം നടത്തുന്നതിനുള്ള നടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 6-12-2013-ൽ നടത്തിയ വിചാരണയിൽ ശ്രീമതി വത്സലാദേവിയ്ക്ക് വേണ്ടി അവരുടെ അഡ്വക്കേറ്റ് ഹാജരാവുകയും പുതിയ സത്യവാങ്മൂലം ഫയൽ ചെയ്യുകയും ചെയ്തു. ആയതിലെ വസ്തുതകളിൽ കണ്ട വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാട്ടിയും, സർക്കാർ പണം ദുരുപയോഗം ചെയ്ത ശ്രീമതി വത്സലാദേവിയുടെ പങ്ക് വ്യക്തമാക്കുന്ന തെളിവുകൾ സമർപ്പിച്ചും സർക്കാരിനുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ കേസ് അന്തിമ വിധിയിലേക്കെത്തിക്കുന്നതിന് ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ഒരു കമ്മിഷനെ നിയമിച്ചിട്ടുള്ളതും കമ്മിഷൻ തെളിവെടുപ്പ് നടത്തിയിട്ടുള്ളതുമാണ്. പ്രസ്തുത കമ്മിഷൻ മുമ്പാകെ ശ്രീമതി വത്സലാദേവി അനധികൃതമായി ഫർണിച്ചർ കൈയിൽ വച്ചിരുന്നു എന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തെളിവുകൾ ഹാജരാക്കിയിട്ടുമുണ്ട്.

2.3.3 ടി യൂണിറ്റിന്റെ ആസ്തികൾ കണ്ടെടുക്കണമെന്ന് ആവശ്യപ്പെട്ട് കോന്നി സബ് ഇൻസ്പെക്ടർ ഓഫ് പോലീസിന് നിരവധി തവണ കത്ത് നൽകിയെങ്കിലും നാളിതുവരെ ആസ്തികൾ കണ്ടെടുത്തത് സംബന്ധിച്ച് വിവരങ്ങളൊന്നും അറിയിച്ചിട്ടില്ല.

2.3.4 7-12-2013, 18-1-2014, 28-2-2014 എന്നീ തീയതികളിൽ കോന്നി സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, സബ്ഇൻസ്പെക്ടർ ഓഫ് പോലീസ് എന്നിവർക്ക് ടി വിഷയത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് കാണിച്ച് നേരിട്ട് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ നിയമസഭ അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ നിൽക്കുന്ന വിഷയമായതിനാൽ തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് 30-4-2014-ൽ വിശദീകരണം നൽകേണ്ടതിനാൽ വിഷയത്തിന്റെ ഗൗരവം അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്ന് 28-4-2014 തീയതിയിൽ ഓർമ്മക്കുറിപ്പും നൽകിയിട്ടുള്ളതുമാകുന്നു. ടി വിഷയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ മുഖേന) ബഹു. ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.3.5 ഈ വിഷയത്തിൽ പത്തനംതിട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി 2-ൽ സി.സി427/11-ാം നമ്പരായി കേസ് നടന്നുവരികയാണ്. ഇക്കാരണത്താൽ കേറ്ററിംഗ് യൂണിറ്റിന്റെ ഫർണിച്ചറുകൾ കണ്ടെടുത്ത് പൊതുലേലം ചെയ്യാൻ കോന്നി ബ്ലോക്ക് പഞ്ചായത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

തുടർ ശിപാർശ

**2.3.6 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസ്സിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 24**

ശിപാർശ

2.4.1 കോന്നിയിലെ വനിതാക്യാന്റീനുമായി ബന്ധപ്പെട്ട ആസ്തികൾ ഈടാക്കുന്നതിനായി 23-1-2008-ൽ കോന്നി സർക്കിൾ ഇൻസ്പെക്ടർക്ക് പഞ്ചായത്ത് സെക്രട്ടറി പരാതി നൽകിയതായി സമിതി മനസിലാക്കുന്നു. പ്രസ്തുത പരാതിയിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്തി അതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ ആഭ്യന്തര വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 കോന്നി ബ്ലോക്ക് പഞ്ചായത്തിൽ ജനകീയാസൂത്രണപദ്ധതി പ്രകാരം വനിതകൾക്ക് തൊഴിൽ നൽകുന്നതിനായി ഒരു വനിതാ റെസ്റ്റോറന്റ് ആന്റ് കേറ്ററിംഗ് സെന്റർ നടത്തുന്നതിനായി വാങ്ങിയ 2 ലക്ഷം രൂപയുടെ ഫർണിച്ചർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണായ ശ്രീമതി വത്സലാദേവി സ്വകാര്യ ഉടമസ്ഥതയിലേയ്ക്ക് മാറ്റി സർക്കാരിനും പൊതുഖജനാവിനും നഷ്ടം വരുത്തി എന്നാരോപിച്ച് 25-2-2008-ൽ കോന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാതി നൽകിയിരുന്നുവെങ്കിലും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുകയോ, റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്യാത്ത അന്വേഷണ ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കാൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്തിന്റെ പദ്ധതി വിഹിതപ്രകാരം വാങ്ങിയ ഫർണിച്ചറും സാമഗ്രികളും എതിർകക്ഷിയായ ശ്രീമതി വൽസലാദേവി തിരികെ നൽകാൻ തയ്യാറായതിനാൽ പ്രസ്തുത പരാതിയിന്മേൽ കോടതി നടപടികളുടെ ആവശ്യമില്ലായെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേസ്സെടുക്കാതിരുന്നത് എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.4.3 കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 15-9-2010-ൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ആരോപണ വിധേയയായ ശ്രീമതി വത്സലാദേവിക്ക് പുറമേ ബിജി റജി, കുഞ്ഞമ്മ ശാമുവേൽ എന്നിവർ കൂടി കൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി തെളിഞ്ഞതിനാൽ, ഇവരെ യഥാക്രമം 1, 2, 3-ഉം പ്രതികളാക്കി കോന്നി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 680/2010 u/s 406 IPC, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് പത്തനംതിട്ട JFMC-II കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.4.4 കോന്നി ബ്ലോക്ക് പഞ്ചായത്തിലെ വനിതാ റെസ്റ്റോറന്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ക്രമക്കേടിന് ഉത്തരവാദികളായ ശ്രീമതി വത്സലാദേവി, ശ്രീമതി ബിജി റജി, ശ്രീമതി കുഞ്ഞമ്മ സാമുവേൽ എന്നിവർക്കെതിരെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കോന്നി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, പോലീസ് അന്വേഷണം പൂർത്തിയാക്കി പത്തനംതിട്ട JFMC-II-ൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. കേസ് നമ്പർ CC 427/2011, തീയതി 23-12-2011 നമ്പരായി കോടതിയിലുള്ള ടി കേസ്സിന്റെ ആദ്യ വിചാരണ 28-3-2012-ൽ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രതികളെ കുറ്റപത്രം വായിച്ചുകേൾപ്പിക്കുന്നതിനായി ടി കേസ് 21-4-2014 -ലേയ്ക്ക് മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിക്കുന്നു.

<u>തുടർ ശിപാർശ</u>

**2.4.5 പത്തനംതിട്ട JFMC-II-ലുള്ള CC 427/2011-ാം നമ്പർ കേസ്സിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിയും കേസ്സിന്റെ നിലവിലെ സ്ഥിതിയും സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 28, 29**

<u>ശിപാർശ</u>

2.5.1 സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നിർവ്വഹണ ചെലവുകൾക്കായി അനുവദിച്ചതിൽ കൂടുതൽ തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തി. അധികരിച്ച് ചെലവാക്കുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതിയോ, പിന്നീടുള്ള സാധൂകരണമോ ഇല്ലാത്തതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം 21,136 രൂപ അന്നത്തെ സെക്രട്ടറി ശ്രീ. കെ. സുഗതനിൽ നിന്ന് ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.5.2 പെൻഷൻ പറ്റി അഞ്ചുവർഷം കഴിഞ്ഞിട്ടും ബാദ്ധ്യത തിട്ടപ്പെടുത്തി ശ്രീ. കെ. സുഗതന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം ഭരണ വകുപ്പ് അന്വേഷിക്കേണ്ടിയിരുന്നതാണെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇതുസംബന്ധിച്ച് അന്വേഷിക്കാമെന്ന് ഗ്രാമവികസന കമ്മീഷണർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയതിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നാളിതുവരെയും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്തതിന്മേലുള്ള വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം ശ്രീ. കെ. സുഗതന്റെ പെൻഷൻ ആനുകൂല്യങ്ങൾ പഞ്ചായത്തിനുണ്ടായ നഷ്ടം കിഴിച്ച് നൽകിയത് സംബന്ധിച്ച റിപ്പോർട്ടും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.3 ആരോപണ വിധേയനായ ശ്രീ. കെ. സുഗതൻ (മുൻ ബി.ഡി.ഒ.) സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ അദ്ദേഹത്തെ എറണാകുളം ജില്ലാകളക്ടർ വിചാരണ നടത്തുകയും ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് 28-12-2009-ലെ ബി6.44182/06 നമ്പർ ഉത്തരവ് പ്രകാരം നടപടിയായിട്ടുള്ളതുമാണ്. ശ്രീ. കെ. സുഗതന്റെ സ്ഥിര താമസം ആലപ്പുഴ ജില്ലയിലായതിനാൽ റവന്യൂ റിക്കവറി നടപടികൾ ആലപ്പുഴ ജില്ലാ കളക്ടർ മുഖേന നടത്തുന്നതിലേക്കായി എറണാകുളം ജില്ലാ കളക്ടർ 11-9-2010-ലെ ബി6/2009.4418/7/കെ.ഡിസ് കത്തുമുഖേന ആലപ്പുഴ ജില്ലാ കളക്ടർക്ക് ആർ.ആർ. സർട്ടിഫിക്കറ്റ് അയച്ച് കൊടുത്തിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ റിക്കവറി സംബന്ധിച്ച യാതൊരുവിവരവും ലഭ്യമായിട്ടില്ല. 20-8-2012-ന് ആർ. ആർ. സംബന്ധിച്ച്

എറണാകുളം ജില്ലാ കളക്ടറോട് അന്വേഷിച്ചുവെങ്കിലും ആയതുസംബന്ധിച്ച യാതൊരു മറുപടിയും ലഭിച്ചിട്ടില്ലാത്തതുമാണ്. 18-12-2012 തീയതിയിൽ ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ ആലപ്പുഴ ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിൻപ്രകാരം 7-1-2013-ന് ടി വിവരങ്ങൾ നൽകിയിട്ടുള്ളതുമാണ്. 24-12-2013-ന് ആലപ്പുഴ റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടറോട് റിക്കവറി പുരോഗതിയെക്കുറിച്ച് ആരാഞ്ഞപ്പോൾ ആർ. ആർ. നടപടിയ്ക്കുള്ള അപേക്ഷ ഓൺലൈനായി അയക്കണമെന്നറിയിച്ചതനുസരിച്ച് 6-3-2014-ൽ ഓൺലൈൻ ആയി റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ള വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.5.4 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബി.ഡി.ഒ.) ആയിരുന്ന ശ്രീ. കെ. സുഗതനിൽ നിന്ന്, പദ്ധതി രൂപീകരണച്ചെലവിന് അധികമായി ചെലവഴിച്ച 21,136 രൂപ തിരികെ ഈടാക്കണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശത്തെ തുടർന്ന് 28-10-2009-ൽ ബ്ലോക്ക് പഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് തുടങ്ങിയതാണ്. ശ്രീ. കെ. സുഗതൻ സർവ്വീസിൽ നിന്ന് വിരമിച്ചതിനുശേഷം ആലപ്പുഴ ജില്ലയിൽ സ്ഥിരതാമസമായതിനാൽ ഫയൽ ആലപ്പുഴ ജില്ലാ കളക്ടറേറ്റിലേയ്ക്ക് 11-9-2010-ൽ അയച്ചുകൊടുത്തിട്ടുണ്ട്. 24-12-2013-ന് ആർ. ആർ. നടപടി പുരോഗതി അന്വേഷിച്ചപ്പോൾ, ആർ.ആർ. നടപടി അപേക്ഷ ഓൺലൈനായി അയയ്ക്കുവാനുള്ള നിർദ്ദേശത്തെ തുടർന്ന് 6-3-2014-ൽ ഓൺലൈൻ റിക്വിസിഷൻ സമർപ്പിച്ചിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>തുടർ ശിപാർശ</u>

**2.5.5 റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആയതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 39, 40**

<u>ശിപാർശ</u>

2.6.1 33 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ പ്രവർത്തനം തുടങ്ങാത്തതുമൂലം പദ്ധതിവിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടും കയർ തൊഴിലാളികൾക്കോ, കയർവ്യവസായ മേഖലയ്ക്കോ യാതൊരു പ്രയോജനവും ലഭിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തി.

2.6.2 കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ പ്രയോജനരഹിതമായി നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് അടിയന്തരമായി പരിഹാരം ഉണ്ടാകേണ്ടത് ആവശ്യമായതിനാൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആറുമാസത്തിനകം സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.6.3 ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥിതി ചെയ്യുന്ന ഒരേക്കർ അഞ്ച് സെന്റ് സ്ഥലത്ത് 2014-2015 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപ അടങ്കൽ വരുന്ന ബഹുനില വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് വർക്കിംഗ് ഗ്രൂപ്പ് യോഗവും ഗ്രാമസഭയും അംഗീകാരം നൽകിയിട്ടുണ്ട്.

2.6.4 കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15-ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 28 ലക്ഷം രൂപയുടെ പ്രോജക്ടും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 25,000 രൂപ വീതം 5 അംഗങ്ങൾ അടങ്ങുന്ന കയർ മേഖലയിൽ പ്രവർത്തിക്കുന്ന 80 ഗ്രൂപ്പുകൾക്ക് 20 ലക്ഷം രൂപ നൽകുന്നതിനും 20 പേർ അടങ്ങുന്ന 4 എസ്.ജി.എസ്.വൈ. ഗ്രൂപ്പുകൾക്ക് 2 ലക്ഷം രൂപ വീതം 8 ലക്ഷം രൂപ നൽകുന്നതിനും വിഭാവനം ചെയ്യുന്നു. അതിലൂടെ ഈ പ്രദേശത്തെ 480 വനിതകൾക്ക് ചെറുകിട കൈത്തൊഴിലുകൾ ചെയ്യുന്നതിന് ഉതകുന്ന ചകിരി, ബ്ലീച്ച് ചെയ്ത കയർ, മറ്റ് അനുബന്ധ സാമഗ്രികൾ നൽകുന്നതിനും അവർക്ക് വേണ്ട പരിശീലനം നൽകുന്നതിനും അതുവഴി അവരുടെ എല്ലാവിധ പ്രശ്നങ്ങളും ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള ഒരു കേന്ദ്രമായി ഈ കോമൺ ഫെസിലിറ്റി സെന്ററിനെ ഉയർത്തുന്നതിനും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

2.6.5 ഈ രണ്ട് പ്രോജക്ടുകൾ വഴി കോമൺ ഫെസിലിറ്റി സെന്ററിനെ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നതാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.6.6 ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥിതി ചെയ്യുന്ന ഒരേക്കർ അഞ്ച് സെന്റ് സ്ഥലത്ത് 2014-2015 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപ അടങ്കൽ വരുന്ന ബഹുനില വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും

ജില്ലാ പഞ്ചായത്ത് 2014-15-ൽ ഇത്തരം ഒരു പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമാണ്.

2.6.7 എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 2014-15-ൽ പ്രോജക്ട് നമ്പർ SOO 15/2015 "പരമ്പരാഗത കൈത്തൊഴിൽ ഗ്രൂപ്പ് (കയർ) കൾക്ക് ധനസഹായം" എന്ന പദ്ധതിയിലൂടെ 25,000 രൂപ വീതം (1041 kg ചകിരി) അഞ്ച് അംഗങ്ങൾ അടങ്ങുന്ന കയർ മേഖലയിൽ പ്രവർത്തിക്കുന്ന 80 ഗ്രൂപ്പുകൾക്കായി 20 ലക്ഷം രൂപ 13-2-2015-ൽ വിതരണം ചെയ്തിട്ടുണ്ട്. നാല് എസ്.ജി.എസ്.വൈ. ഗ്രൂപ്പുകൾക്ക് 2 ലക്ഷം രൂപ വീതം 8 ലക്ഷം രൂപ നൽകുന്നതിനായി പദ്ധതി ആസൂത്രണം ചെയ്യുവാൻ ബ്ലോക്ക് പഞ്ചായത്ത് ആലോചിച്ചു എങ്കിലും 2014-2015-ൽ പദ്ധതി ഏറ്റെടുത്തിട്ടില്ല.

<u>തുടർ ശിപാർശ</u>

**2.6.8 കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും 20 ലക്ഷം രൂപ വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള ഉല്പാദനം കയർ മേഖലയിൽ ഉണ്ടായിട്ടുണ്ടോയെന്നും സെന്ററിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 53**

<u>ശിപാർശ</u>

2.7.1 2000-2001 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ചെലവഴിച്ച 8,42,639 രൂപ ദുർവ്യയം ചെയ്യുകയാണുണ്ടായതെന്ന ഓഡിറ്റ് നിരീക്ഷണത്തിന്റെ നിജസ്ഥിതി അറിയുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.7.2 നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് വേണ്ടി എ.ഡി.സി. (ജന.) ആലപ്പുഴ നടത്തിയ അന്വേഷണത്തെത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

2.7.3 ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 1998-99 വർഷത്തിൽ ഇ.എം.എസ്. (തൊഴിലുറപ്പ് പദ്ധതി)-ൽ ഉൾപ്പെടുത്തി ആര്യാട്, മണ്ണഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോമളപുരം, ആസ്പിൻവാൾ - നേതാജി റോഡിൽ മടയാംതോടിന് കുറുകെ കലുങ്ക് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുകയും 2784/CB7/AEXE4, തീയതി

22-9-1998 പ്രകാരം 11,20,000 രൂപയ്ക്ക് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. 31-10-1998-ൽ ഡി.പി.സി.-യിൽ നിന്ന് പ്രസ്തുത പ്രോജക്ടിന് അംഗീകാരം ലഭിച്ച ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഗുണഭോക്തൃ യോഗം ചേരുകയും പി. രഘുനാഥൻ, വേളാംപറമ്പിൽ, ആര്യാട് നോർത്ത് പി.ഒ., എന്നയാളെ കൺവീനറായി തെരഞ്ഞെടുക്കുകയും 4-12-1998-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

2.7.4 മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കാതെയും തോടിന്റെ ഇരുകരകളിലും മണ്ണ് വന്ന് മൂടാതെയും, സംരക്ഷിച്ച് വെള്ളം വേമ്പനാട് കായലിലേക്ക് സുഗമമായി ഒഴുകി പോകുന്നതിനും തൽഫലമായി കാർഷിക മേഖലയുടെ വികസനവും ലക്ഷ്യമിട്ടുകൊണ്ടാണ് ടി കലുങ്ക് നിർമ്മാണം നടത്തുന്നതെന്ന് പ്രോജക്ടിൽ പറയുന്നു.

2.7.5 14-12-1998-ൽ ആദ്യ ഗഡു അഡ്വാൻസായി 50,000 രൂപയും, 23-12-1998-ൽ രണ്ടാം ഗഡുവായി 1,50,000 രൂപയും, 20-1-1999-ൽ 2,00,000 രൂപയും അടക്കം 4 ലക്ഷം രൂപ ടി പ്രവൃത്തിക്കുവേണ്ടി കൺവീനർക്ക് നൽകിയിരുന്നു. പ്രവൃത്തി ഏറ്റെടുത്ത് ഒരു വർഷത്തിനുശേഷമാണ് കലുങ്കിന്റെ അബട്ട്മെന്റുകൾ പൂർത്തീകരിച്ചത്. മാത്രവുമല്ല നാല് ലക്ഷം രൂപ ഈയവസരത്തിൽ ചെലവഴിക്കുകയും ചെയ്തിരുന്നു. എന്നാൽ 15-1-2000-ൽ, G.O. (Rt) 1005/95/PWST തീയതി 24-7-1995 പ്രകാരം ടി റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡാണെന്നും ബ്ലോക്ക് പഞ്ചായത്ത് ഇവിടെ നടത്തുന്ന പ്രവൃത്തി നിർത്തിവയ്ക്കേണ്ടതുമാണെന്നും അറിയിച്ചുകൊണ്ട് PWD റോഡ്സ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടു.

2.7.6 7-8-1999-ലെ ബ്ലോക്ക് പഞ്ചായത്തിന്റെ 10-ാം നമ്പർ തീരുമാനപ്രകാരം പ്രവൃത്തി നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിരുന്നു. തുടർന്ന് 11-10-1999-ലെ 7-ാം നമ്പർ തീരുമാനപ്രകാരം 4 ലക്ഷം രൂപ ചെലവഴിച്ചിട്ടും കലുങ്കിന്റെ പണി പൂർത്തിയാകാതിരുന്നത് കൊണ്ടും നാട്ടുകാർക്ക് ഒരു പ്രയോജനവും ലഭിക്കാത്ത അവസ്ഥയിൽ പ്രവൃത്തി നിർത്തി വയ്ക്കേണ്ടി വരുകയും സമീപഭാവിയിൽ PWD ഇവിടെ പാലം പണിയാൻ സാധ്യതയില്ലാത്തതിനാലും പ്രസ്തുത പണി എത്രയും വേഗം പൂർത്തിയാക്കാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനം എടുത്തു. തുടർന്ന് 7-8-1999-ലെ 10-ാം നമ്പർ തീരുമാനം റദ്ദാക്കുകയും ചെയ്തു. തുടർന്ന് 18-1-2000-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്തിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം, കൾവർട്ടിന്റെ ക്യാരേജ്വേ ഇപ്പോൾ 4 മീറ്റർ വീതിയിലുള്ളത് 4.50 മീറ്റർ ആയി വർദ്ധിപ്പിക്കുകയാണെങ്കിൽ PWD-യിലുള്ള Single way പാലങ്ങൾക്കുള്ള വീതിയുണ്ടാകുമെന്നും, ആ രീതിയിൽ അവശ്യം വേണ്ട മാറ്റങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു

2.7.7 തുടർന്ന് 4-4-2000-ൽ ഒരു ലക്ഷം രൂപയും, 26-6-2000-ൽ ഒരു ലക്ഷം രൂപയും, 4-8-2000-ൽ 65,000 രൂപയും നികതിയും ഫൈനൽ ബിൽ തുകയായ 1,53,294 രൂപയും അടക്കം 8,42,639 രൂപ ടി പ്രവൃത്തിക്കുവേണ്ടി മൊത്തം ചെലവഴിച്ചു 12/98-ൽ ടി പ്രവൃത്തി ആരംഭിക്കുകയും, ഏകദേശം 4 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തപ്പോൾ 15-1-2000-ൽ മാത്രമാണ് പ്രവൃത്തി നിർത്തിവയ്ക്കുവാൻ PWD നിർദ്ദേശിച്ചതെന്ന് രേഖകൾ പരിശോധിച്ചതിൽ അറിയാൻ കഴിയുന്നു.

2.7.8 കലുങ്ക് പണിതിരിക്കുന്നത് ആര്യാട്, മണ്ണഞ്ചേരി എന്നീ രണ്ട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോമളപുരം-ആസ്പിൻവാൾ-നേതാജി റോഡിലാണ്. ഇതിൽ നേതാജി-ഷൺമുഖവിലാസം റോഡ് മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 1998-99-ലെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നു. എന്നാൽ ടി കലുങ്കിനോട് ബന്ധിപ്പിക്കുന്ന ആര്യാട് ഗ്രാമപഞ്ചായത്തിലെ കോമളപുരം-ആസ്പിൻവാൾ റോഡ് പഞ്ചായത്തിലെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. കലുങ്ക് ഇപ്പോഴും പ്രസ്തുത റോഡിൽ നിലനിൽക്കുന്നുണ്ട്. PWD പ്രസ്തുത പ്രദേശത്ത് പുതിയ പ്രവൃത്തി നടത്തുകയോ, ഇതുവരെ പുനരുദ്ധാരണം നടത്തുകയോ ചെയ്തിട്ടില്ല. ഈ റിപ്പോർട്ട് മേൽ നടപടികൾക്കായി സമർപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.7.9 . ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 1998-99 വർഷം ഇ.എം.എസ്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ആര്യാട്-മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോമളപുരം - ആസ്പിൻവാൾ-നേതാജി റോഡിൽ മലയാം തോടിന് കുറുകെ കലുങ്ക് നിർമ്മാണം എന്ന വേല സംബന്ധിച്ച് ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജന) നടത്തിയ പരിശോധനാ റിപ്പോർട്ടിന്മേൽ സൂക്ഷ്മ പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.10 പ്രസ്തുത റോഡ് 12/95-ൽ PWD ഏറ്റെടുത്തിട്ടുള്ളതിനാൽ ഇവിടെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തരുതെന്ന് കാണിച്ച് ആലപ്പുഴ റോഡ്സ് (പൊതുമരാമത്ത് വകുപ്പ്) സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 6-8-1999-ൽ ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. എന്നാൽ ഇക്കാര്യം എ.ഡി.സി. (ജനറൽ) യുടെ അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തി കാണുന്നില്ല. റോഡുപണി നിർത്തിവയ്ക്കാൻ പൊതുമരാമത്ത് വകുപ്പ് ആദ്യമായി ആവശ്യപ്പെട്ടിട്ടുള്ളത് PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15-1-2000-ലെ കത്ത് പ്രകാരമാണെന്ന പരാമർശം ശരിയല്ല.

2.7.11 എ.ഡി.സി. (ജനറൽ)-യുടെ റിപ്പോർട്ട് പ്രകാരം 18-1-2000-ലെ ബ്ലോക്ക് പഞ്ചായത്തിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം കൾവർട്ടിന്റെ ക്യാരേജ് വേ നിലവിൽ

4 മീറ്റർ വീതിയുള്ളത് 4.50 മീറ്ററായി വർദ്ധിപ്പിക്കുവാനും ആ രീതിയിൽ അവശ്യം വേണ്ട മാറ്റങ്ങൾ നടത്താൻ തീരുമാനിച്ചു എന്നും പരാമർശിക്കുന്നു. എന്നാൽ 2010 ഡിസംബറിൽ ഈ ഓഫീസിൽ നിന്നും നടത്തിയ പ്രാദേശിക പരിശോധനയിൽ 18-1-2000-ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൾവർട്ടിന്റെ വീതി വർദ്ധിപ്പിക്കുവാൻ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി വാങ്ങുകയോ കൺവീനറുമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായോ കാണുന്നില്ല. കൂടാതെ വേലയുടെ അളവ് പുസ്തകം പരിശോധിച്ചതിൽ (അളവ് പുസ്തകം 4/97-98 പുറം 42 അപ്പന്റിക്സ് ഇനം 12) നിർമ്മിച്ചിട്ടുള്ള കലുങ്കിന്റെ വീതി 3.70 മീറ്റർ മാത്രമാണെന്ന് കാണുന്നു. എന്നാൽ ഈ വസ്തുതകൾ എ.ഡി.സി. ജനറലിന്റെ അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. എ.ഡി.സി. (ജനറൽ)-യുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് കാര്യങ്ങൾ എല്ലാം വസ്തുതാപരമായി ശരിയാണെന്ന് അറിയിക്കുന്നു.

<u>തുടർ ശിപാർശ</u>

**2.7.12 കോമളപുരം - ആസ്പിൻവാൾ - നേതാജി റോഡിന് കുറുകെയുള്ള കലുങ്കിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 75, 76, 77, 78**

<u>ശിപാർശ</u>

2.8.1 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് ഏകദേശം 18 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത്-മെതി യന്ത്രത്തിന്റെയും ട്രക്കിന്റെയും മേൽനോട്ടത്തിന് ബ്ലോക്ക് പഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്നത് കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ആയതിനാൽ കൊയ്ത്ത്-മെതി യന്ത്രത്തിന്റെയും ട്രക്കിനെയും സംബന്ധിച്ചുള്ള എല്ലാ ഉത്തരവാദിത്വവും അസിസ്റ്റന്റ് ഡയറക്ടർക്കാണെന്ന് സമിതി വിലയിരുത്തി.

2.8.2 നിർവ്വഹണോദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് അദ്ദേഹത്തിന്റെ അധികാരം മറ്റൊരാൾക്ക് ഡെലിഗേറ്റ് ചെയ്യുന്നതിന് സാധിക്കില്ലെന്ന് വിലയിരുത്തിയ സമിതി, തന്റെ ചുമതല കീഴുദ്യോഗസ്ഥന് ഏൽപ്പിച്ചുകൊടുത്ത് ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറിയ അസിസ്റ്റന്റ് ഡയറക്ടറുടെ നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി. മെതിയന്ത്രത്തെ സംബന്ധിച്ച വരവ് ചെലവ് രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ ഹാജരാക്കുന്നതിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും, പഞ്ചായത്തിന്റെ വകയായ മെതിയന്ത്രത്തിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് ലഭിക്കാതിരുന്നിട്ടും, അതിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരും കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു.

2.8.3 സമിതി നിർദ്ദേശപ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ഹാജരാക്കിയ കണക്കുകൾ പ്രകാരം പഞ്ചായത്തിന് വരവിനത്തിൽ 88,974 രൂപയുടെ നഷ്ടം സംഭവിച്ചതായും കൂടാതെ കൃത്യമായ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ സാധിക്കാത്തതിനാൽ 5,24,992 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൃത്യമായ കണക്കുകൾ ഒരു മാസത്തിനകം ഓഡിറ്റിന് ഹാജരാക്കി തടസ്സപ്പെടുത്തിയ 5,24,992 രൂപയുടെ കണക്ക് ബോദ്ധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം പഞ്ചായത്തിനുണ്ടായ നഷ്ടമായ 88,974 രൂപയോടൊപ്പം 5,24,992 രൂപയും ചേർത്ത് 6,13,966 രൂപ (88,974+5,24,992) പ്രസ്തുത കാലയളവിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്ന് ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.8.4 കൊയ്ത്ത്-മെതി യന്ത്രത്തിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനം, ശരിയായ കണക്കുകൾ സൂക്ഷിക്കാതെ നഷ്ടപ്പെടുത്തുകമൂലം ഉദ്യോഗസ്ഥർ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയതായി സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി സാമ്പത്തിക ക്രമക്കേടുകൾ നടത്തിയവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും അതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.8.5 75 മുതൽ 78 വരെയുള്ള ഖണ്ഡികകളിലെ പരാമർശങ്ങളിന്മേൽ സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ 4-9-2010-ൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം 2000 ജനുവരി മുതൽ 2004 ഏപ്രിൽ വരെയുള്ള ആകെ വരവ് 6,35,134 രൂപയും ചെലവ് 5,24,992 രൂപയുമാണ്. അന്വേഷണത്തിൽ, വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതായും വരവ് ചെലവുകളുടെ സംഗ്രഹം ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കണക്കുകൾ പ്രകാരം നീക്കിയിരുപ്പിൽ 7,531 രൂപയുടെ കുറവ് സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ടി തുകയുൾപ്പെടെ കൊയ്ത്ത്-മെതി യന്ത്രം ഉപയോഗിച്ച വകയിൽ പഞ്ചായത്തിന് മൊത്തം 72,824 രൂപയുടെ നഷ്ടം സംഭവിച്ചതായി റിപ്പോർട്ടിലുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം വന്ന തുക അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. എ. അനിയിൽ നിന്ന് റിക്കവറി നടപടി നടത്തി ഈടാക്കുന്നതിനും യന്ത്രത്തിന്റെ സൂക്ഷിപ്പ് സംബന്ധിച്ച് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിനും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ശിപാർശ ചെയ്തിരുന്നു. എന്നാൽ ക്യാഷ് ബുക്കിലെ വ്യത്യാസമായി കണ്ടെത്തിയ 7,531 രൂപ, 9-4-2015-ൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. എ. അനി 31-5-2015-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ,

ബാദ്ധ്യത തുകയായ 72,824 രൂപയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കിയ 7,531 രൂപ കിഴിച്ച് ബാക്കി 65,293 രൂപ (72,824-7,531) ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കുന്നതിലേക്ക് ഭരണിക്കാവ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ടിയാന് നാളിതുവരെയും ഗ്രാറ്റുവിറ്റി റിലീസ് ചെയ്തിട്ടില്ലായെന്ന് ഭരണിക്കാവ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.8.6 കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, കൃഷി വകുപ്പ് ഉത്തരവിറക്കി [29-7-2015-ലെ സർക്കാർ ഉത്തരവ്, സ. ഉ. (സാധാ) നമ്പർ 1284/15/കൃഷി].

2.8.7 17-4-1999 മുതൽ 15-3-2005 വരെ കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥരുടെ പേര് വിവരം താഴെ ചേർക്കുന്നു:

1. ശ്രീമതി പി. എൻ. നൂർജഹാൻ
2. ശ്രീമതി പി. ജി. ഉഷാകുമാരി
3. ശ്രീമതി ആനി സാമുവൽ
4. ശ്രീമതി എ. ആർ. വിജയലക്ഷ്മി
5. ശ്രീമതി എസ്. ജയലളിത
6. ശ്രീ. എസ്. ലാൽ
7. ശ്രീമതി കെ. കെ. ചന്ദ്രികാകുമാരി (കൃഷി ഓഫീസറായിരിക്കെ അധിക ചുമതല വഹിച്ചത്).

2.8.8 1999-2000 കാലയളവിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി പി. എൻ. നൂർജഹാൻ, 7/2000 മുതൽ 6/2002 വരെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി ആനി സാമുവൽ, 6/2003 മുതൽ 6/2011 വരെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. എസ്. ലാൽ എന്നിവർക്ക് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളൊന്നും തന്നെ യഥാസമയം സ്വീകരിക്കാൻ കഴിഞ്ഞില്ല. പദ്ധതി നടത്തിപ്പിൽ പോരായ്മയുണ്ടെങ്കിൽ അവ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽ യഥാസമയം കൊണ്ടുവരാനും ഇവർക്ക് കഴിഞ്ഞില്ല. പദ്ധതി നടത്തിപ്പിലുണ്ടായ വീഴ്ചയുടെ പേരിൽ ശ്രീമതി പി. എൻ. നൂർജഹാൻ, ശ്രീമതി ആനി സാമുവൽ, ശ്രീ. എസ്. ലാൽ എന്നീ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ മൂന്ന് മാസത്തേക്ക് തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, ശ്രീമതി പി. ജി. ഉഷാകുമാരി, ശ്രീമതി എസ്. ജയലളിത,

ശ്രീമതി എ. ആർ. വിജയലക്ഷ്മി എന്നിവർ ചെറിയ കാലയളവ് മാത്രമാണ് ചുമതല വഹിച്ചതെന്നത് കണക്കിലെടുത്തും ശ്രീമതി കെ. കെ. ചന്ദ്രികാ കുമാരി കൃഷി ഓഫീസർ ആയിരിക്കെ അധികച്ചുമതല പലകാലയളവുകളിലായി വഹിക്കുകയായിരുന്നു എന്നത് കണക്കിലെടുത്തും ഇവർക്കെതിരെയുള്ള നടപടി ഉപേക്ഷിച്ച് ഉത്തരവായിട്ടുണ്ട്. സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. മോഹനൻ, സർവ്വീസിൽ നിന്നും വിരമിക്കുകയും 2-6-2015-ന് മരണപ്പെട്ടുപോകുകയും ചെയ്തതിനാൽ ടിയാന്റെ പേരിൽ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.8.9 (1) ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരുപ്പിന്റെ വ്യത്യാസമായ 7,531 രൂപ 9-4-2015 -ലെ 1150110000 രസീത് പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

(2) കാർഷിക സർവ്വകലാശാലയുടെ കുമരകം ഗവേഷണ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള 9,800 രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പരിശോധനാവേളയിൽ അറിയിക്കുകയുണ്ടായി. എന്നാൽ തുക ഈടാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല.

(3) കാരിയർ വാഹനം ഓടിയതിന് ഈടാക്കിയ 400 രൂപ (രസീത് നമ്പർ 12/ 30-1-2000) ക്യാഷ് ബുക്കിൽ വരവ് വച്ചിട്ടുണ്ട്.

(4) മെതിയന്ത്രത്തിന്റെ വാടകയിനത്തിൽ എഴുതി ക്യാൻസൽ ചെയ്ത 5,950 രൂപ ഈടാക്കാൻ പറ്റാത്തതിന്റെ വിശദാംശം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ക്രമ നമ്പർ 9-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാടക തുക ഈടാക്കാത്തതു സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയ അന്വേഷണത്തിൽ, ബന്ധപ്പെട്ട ജീവനക്കാർ നൽകിയ വിശദീകരണം അംഗീകരിക്കാവുന്നതാണെന്നാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

(5) വരൾച്ച കാരണം കർഷകർക്ക് കിഴിവ് അനുവദിച്ച 24,373 രൂപയും തൃശ്ശൂർ ജില്ലയിൽ കൊയ്ത്ത് മെതിയന്ത്രം ഉപയോഗിച്ചപ്പോൾ അനുവദനീയമായതിലും കുറഞ്ഞ നിരക്കിൽ വാടക ഈടാക്കിയത് മൂലം നഷ്ടം വന്ന 40,920 രൂപയും ഉൾപ്പെടെ ആകെ 65,293 രൂപയാണ് ഉത്തരവാദിയായ കൃഷി ഓഫീസറുടെ ബാധ്യതയായി നിർണ്ണയിച്ച് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് എ.ഡി.എ. ചാരുംമൂട് അറിയിച്ചിട്ടുള്ളത്. (16-5-2018-ലെ എ-575/1998 നമ്പർ കത്ത്) എന്നാൽ, തുക ഈടാക്കിയിട്ടില്ല എന്നും DCRG നാളിതുവരെ റിലീസ് ചെയ്തിട്ടില്ല എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

2.8.10 ക്രമ നമ്പർ 5-ൽ നഷ്ടം നിജപ്പെടുത്തിയ 40920 (തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ യന്ത്രം വാടകയ്ക്ക് നൽകിയപ്പോൾ കുറഞ്ഞതുക ഈടാക്കിയത്) രൂപയുടെ ചെലവ് സാധൂകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 18-9-2010-ലെ തീരുമാനം ലഭ്യമാക്കിയിട്ടുണ്ട്.

2.8.11 ചെലവ് രേഖകൾ (3 നോട്ട് ബുക്കുകളിൽ ഉള്ളടക്കം ചെയ്തത്), ക്യാഷ് ബുക്ക് (2 എണ്ണം), രസീത് ബുക്കുകൾ (3 എണ്ണം) എന്നിവ എ.ഡി.എ. ഓഫീസിൽ നിന്നും പ്രാദേശിക പരിശോധനാ വേളയിൽ ഹാജരാക്കി. എന്നാൽ ചെലവ് രേഖകളുടെ (5,24,992 രൂപ) കൃത്യത ഓഡിറ്റിൽ ബോധ്യപ്പെടുത്തിയിട്ടില്ല.

2.8.12 29-7-2015-ലെ ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം ആരോപണ വിധേയരായ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ 16-5-2018-ലെ കത്തിൽ (നമ്പർ എ-575/2018) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

<u>തുടർ ശിപാർശ</u>

**2.8.13 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ തുകയിൽ ഇനിയും ഈടാക്കാൻ അവശേഷിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 65,293 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറുടെ ബാധ്യതയായി നിർണ്ണയിച്ച് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടും നാളിതുവരെയായി ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ബാധ്യത തുകയായ 65,293 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. നീക്കിയിരിപ്പ് വ്യത്യാസമായി കണ്ടെത്തിയ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായും ആരോപണവിധേയരായ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഇവർക്കെതിരായുള്ള നടപടികൾ തീർപ്പാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 92**

<u>ശിപാർശ</u>

2.9.1 18-7-2000 മുതൽ 31-10-2000 വരെയുള്ള കാലയളവിൽ സെൽഫ് ചെക്കായി പിൻവലിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനകം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. സെൽഫ് ചെക്കായി പിൻവലിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ഒരു മാസത്തിനകം ലഭ്യമാക്കാത്തപക്ഷം പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്ന് മുഴുവൻ തുകയും ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.9.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-2005-ൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ തുടർപരിശോധനയ്ക്കായി ആവശ്യമായ രേഖകൾ നൽകുന്നതിനായി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011) യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 92-ൽ സമിതി നിർദ്ദേശിച്ചിരുന്നു.

2.9.3 ഇതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന് ബ്ലോക്ക് പഞ്ചായത്ത് നൽകിയ രേഖകൾ പരിശോധിച്ചതിൻ പ്രകാരം തയ്യാറാക്കിയ പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു:

<u>സെൽഫ് ചെക്കായി പദ്ധതി വിഹിതം പിൻവലിച്ചു, ഖണ്ഡിക നമ്പർ 92 (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005 ഓഡിറ്റ് ഖണ്ഡിക 3.4.11.2.1)</u>

2.9.4 ഗുണഭോക്തൃ സമിതി കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും സെൽഫ് ചെക്കായി പിൻവലിച്ച് നൽകിയ 22 ചെക്കുകളിലെ തുകയുടെ വിനിയോഗ വിവരങ്ങൾ ഒരു മാസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും, ഒരു മാസത്തിനകം വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും മുഴുവൻ തുകയും ഈടാക്കുന്നതിന് സമിതി 2009-11-ലെ 23-ാമത് റിപ്പോർട്ട് ഖണ്ഡിക 92-ലെ ശിപാർശ പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ 2-1-2014-ൽ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയത്.

2.9.5 ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സെൽഫ് ചെക്കായി പിൻവലിച്ച 22 ചെക്കുകളിൽ 21 ചെക്കുകളുടെ വിനിയോഗ വിവരം ഓഡിറ്റിൽ ലഭ്യമാക്കി. ചെലവ് രേഖ നാളിതുവരെ ഹാജരാക്കാത്ത ചെക്കിന്റെ വിവരം ചുവടെ ചേർക്കുന്നു:

1. മുലേപ്പള്ളം പുഞ്ചത്തോട് ആഴംകൂട്ടൽ-ചെക്ക് നമ്പർ/തീയതി 046239/ 19-8-2000 തുക-12,500

<u>തുടർ ശിപാർശ</u>

**2.9.6 ഓഡിറ്റ് പരാമർശം സംബന്ധിച്ച് നാളിതുവരെ ഹാജരാക്കാത്ത 12,500 രൂപയുടെ ചെലവ് രേഖ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും അല്ലാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 135**

<u>ശിപാർശ</u>

2.10.1 സ്വാഭിമാൻ പദ്ധതിയെ സംബന്ധിച്ച് സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും റിപ്പോർട്ട് ലഭ്യമായതിനുശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് സമിതി തീരുമാനിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.10.2 തൃശ്ശൂർ ജില്ലയിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുക എന്ന ഉദ്ദേശ്യത്തോടെ തൃശ്ശൂർ സ്വാഭിമാൻ പാർപ്പിട സമിതി എന്ന പേരിൽ ഒരു കമ്മിറ്റി നിലവിൽ വരികയും ഹഡ്കോ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയും ഗുണഭോക്തൃ വിഹിതവും ചേർത്ത് കോസ്റ്റ്ഫോഡ് മുഖേന വീട് നിർമ്മിച്ച് നൽകാനായിരുന്നു പദ്ധതി. തൃശ്ശൂർ ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിലും നാല് ബ്ലോക്ക് പഞ്ചായത്തുകളിലും നാല് മുനിസിപ്പാലിറ്റികളിലും ജില്ലാ പഞ്ചായത്തുകളിലും കൂടി 1999-2000-ൽ നടപ്പിലാക്കിയ പദ്ധതിയാണ് സ്വാഭിമാൻ പദ്ധതി. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് 25,51,000 രൂപ കോസ്റ്റ് ഫോർഡിൽ അടയ്ക്കുകയും 12,56,000 രൂപ കോസ്റ്റ് ഫോർഡിൽ നിന്നും ലഭിക്കുകയും ചെയ്തു. പിന്നീട്, ബാക്കി വീട്ടുപണിയ്ക്കാവശ്യമായ തുക 2000-01, 2004-05 പദ്ധതി വിഹിതത്തിൽ നിന്നും ആർ.ഡി. 5.943/2005 തീയതി 2-12-2006 പ്രകാരം തൃശ്ശൂർ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) അനുവദിച്ച തുകയിൽ നിന്നും (2,33,000 രൂപ) ഉപയോഗിച്ച് വീട്ടുപണികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. ഈ കേസ്സിൽ നിലവിൽ സി.ബി.ഐ. അന്വേഷണം നടന്ന് വരികയാണ്. 243/2(എ)2006/എ.സി.യു.വി./ന്യൂഡൽഹി തീയതി 7-5-2007 കത്ത് പ്രകാരം റിപ്പോർട്ട് നൽകുവാൻ സി.ബി.ഐ. ആവശ്യപ്പെട്ടുകയും, 11-5-2007-ൽ നമ്പർ:ബി 408/2000 പ്രകാരം ചാലക്കുടി ബ്ലോക്കിനെ സംബന്ധിച്ച റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയുന്നതിനായി 23-5-2018-ന് സി.ബി.ഐ.യ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.10.3 സ്വാഭിമാൻ പദ്ധതി സംബന്ധിച്ച് നടന്നുവരുന്ന അന്വേഷണത്തിലേക്കായി സി.ബി.ഐ. ആവശ്യപ്പെട്ട റിപ്പോർട്ട് 11-5-2007-ലെ ബി.408/2000 നമ്പർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുണ്ട്. സി.ബി.ഐ.-യിൽ നിന്ന് തുടർ നടപടി വിവരങ്ങളൊന്നും ലഭ്യമാവാത്തതിനാൽ 23-5-2018-ലെ ഡി-1228/13 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തൽസ്ഥിതി വിവരങ്ങൾ അറിയുന്നതിനായി സി.ബി.ഐ.-ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെയും സി.ബി.ഐ.യിൽ നിന്ന് യാതൊരു വിവരവും ലഭ്യമായതായി കാണുന്നില്ല.

തുടർ ശിപാർശ

**2.10.4 ഓഡിറ്റ് പരാമർശം സംബന്ധിച്ച് സി.ബി.ഐ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

**3. സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മപരിശോധന കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നുതീരുമാനിച്ച ശിപാർശകളും അവയ്ക്ക് ലഭിച്ച മറുപടികളും.**

**ഖണ്ഡിക നമ്പർ 33,34,35**

ശിപാർശ

3.1.1 ചക്കരച്ചാൽ ബണ്ടിന്റെ പണി പൂർത്തിയായപ്പോൾ അനുവദിച്ചതിലും കൂടുതൽ തുകയായി എന്നത് പഞ്ചായത്ത് ഭരണ സമിതിക്ക് ബോദ്ധ്യമായതുകൊണ്ട് മാത്രം കാര്യമില്ലെന്നും, വകയിരുത്തിയ തുകയെക്കാൾ അധികം ചെലവഴിക്കുന്നതിനുള്ള അനുമതി ഗവൺമെന്റിൽ നിന്ന് വാങ്ങേണ്ടതായിരുന്നുവെന്നും സമിതി ചൂണ്ടിക്കാണിച്ചു

3.1.2 1998-99-ൽ പൂർത്തീകരിച്ച പ്രോജക്ടിന് ഫൈനൽ ബിൽ പ്രകാരം നൽകേണ്ട തുകയേക്കാൾ 13,157 രൂപ അധികം നൽകിയതായും, 1999-2000-ൽ അതേ വർക്കിന് 23,163 രൂപ കമ്മിറ്റിയിൽ തീരുമാനമെടുത്ത് കൺവീനർക്ക് നൽകിയതായും സമിതി ചൂണ്ടിക്കാണിച്ചു. അധികം തുക നൽകുവാനുള്ള കമ്മിറ്റി തീരുമാനത്തിന് വിയോജന കുറിപ്പ് രേഖപ്പെടുത്തുകയോ വിശദമായ റിപ്പോർട്ട് സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്യാത്തതിനാൽ പഞ്ചായത്തിന് നഷ്ടമായ തുകയ്ക്ക് ഉത്തരവാദി സെക്രട്ടറി തന്നെയാണെന്ന് സമിതി വിലയിരുത്തി.

3.1.3 1998-99-ൽ പൂർത്തീകരിച്ച പ്രോജക്ടിന് ഫൈനൽ ബിൽ പ്രകാരം നൽകേണ്ട തുകയെക്കാൾ അധികം നൽകിയ 13,157 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീ. എ.ജെ വർഗ്ഗീസിൽ നിന്നും, 1999-2000-ൽ അതേ വർക്കിന് അധികം നൽകിയ 23,163 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീ. എൻ.വി. ഹരിഹരനിൽ നിന്നും ഈടാക്കി അതിന്റെ റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.4 പദ്ധതി നിർവ്വഹണകാലത്തെ സെക്രട്ടറി ശ്രീ. എൻ. വി. ഹരിഹരന്റെ പേരിൽ 23,163 രൂപയുടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാനായി പൂരിപ്പിച്ച ഫോറം-24

എറണാകുളം ജില്ലാ കളക്ടർക്ക് 30-7-2008-ൽ അയച്ചിട്ടുണ്ട്. എന്നാൽ എറണാകുളം ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)-ന്റെ എൽ.എഫ്.ഇ.(സി1)-912/2008 തീയതി 2-9-2008 പ്രകാരം ശ്രീ. എൻ.വി. ഹരിഹരന്റെ പേരിലുള്ള പരാമർശത്തിന്റെ സർചാർജ്ജ് നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. ഇക്കാര്യം 22-10-2008-ൽ കൊച്ചി തഹസിൽദാരെ അറിയിക്കുകയുണ്ടായി. തുടർന്ന് റവന്യൂ റിക്കവറി സ്പെഷ്യൽ തഹസിൽദാറിന്റെ 22-11-2008-ലെ എച്ച് 6-1912/2008 നമ്പർ കത്ത് പ്രകാരം സർചാർജ്ജ് നടപടികൾ ഒഴിവാക്കിയതുമൂലം റവന്യൂ റിക്കവറി നടപടികൾ താല്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം. ജെ. വർഗ്ഗീസ് എന്നയാളുടെ കാര്യത്തിൽ 1,12,741 രൂപ മുതലും 18% നിരക്കിൽ നാളിതുവരെ പലിശയും റവന്യൂ റിക്കവറി ഫോറം-24 പ്രകാരം ഈടാക്കുന്നതിനായി 10-1-2014-ൽ ഓൺലൈൻ റിക്വിസിഷൻ നടത്തിയിട്ടുള്ളതാണെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.1.5 1998-99-ൽ പൂർത്തിയാക്കിയ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ ചക്കരച്ചാൽ ബണ്ടിന്റെ ഫൈനൽ ബിൽ തുകയിൽ അധികം നൽകിയ തുക 1999-2000 വർഷത്തിൽ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. എൻ. വി. ഹരിഹരന്റെ പേരിൽ 23,163 രൂപ ഈടാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 30-7-2008-ൽ ഫോറം 24-ൽ എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16-2-2008-ലെ മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പ്രാദേശിക പരിശോധനയിൽ 98-99 വർഷം ടി പ്രവൃത്തിയ്ക്ക് അധികം നൽകിയ 13,157 രൂപയും, 1999-2000 വർഷം അധികം നൽകിയ 23,163 രൂപയും നിരാകരിക്കേണ്ടതില്ല എന്ന് റിപ്പോർട്ട് ചെയ്തു. നിരക്ക് കണക്കാക്കിയതിൽ അപാകത വന്നതിനാലാണ് ഓഡിറ്റ് റിപ്പോർട്ടിൽ തുക നിരാകരിച്ചത്.

3.1.6 പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1998-99 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 24, 1999-2000 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.9 എന്നിവയിലെ പരാമർശങ്ങൾ സർചാർജ് നടപടിയിൽ നിന്ന് ഒഴിവാക്കിയതായി 2-9-2008-ലെ എൽ.എഫ്.ഇ.(സി.1) 912/08-ാം നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. എന്നാൽ പരാമർശം ഒഴിവാക്കിയതായി അറിയിച്ചിരുന്നില്ല. തുടർന്ന് 10-3-10-ൽ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച എൽ.എഫ്.ഇ.(സി.1)395/09-ാം നമ്പർ പുനരഭിപ്രായക്കുറിപ്പിലും പരാമർശം നിലനിർത്തുന്നു എന്ന് അറിയിച്ചിട്ടുണ്ട്. 7-11-2013-ൽ നടന്ന അദാലത്തിനുശേഷം പുറപ്പെടുവിച്ച എൽ.എഫ്.ഇ.(ബി.പി.1)2238/13, തീയതി 17-2-2014 പുനരഭിപ്രായക്കുറിപ്പുകളിലും ഓഡിറ്റ് പരാമർശം നിലനിർത്തിയിട്ടുണ്ട്.

3.1.7 എന്നാൽ ഈ ഓഫീസിൽ നിന്നും സർചാർജ് നടപടിയിൽ നിന്നും ഒഴിവാക്കി എന്ന് അറിയിച്ചതിനെ തുടർന്ന് 21-10-2008-ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത വിവരങ്ങൾ കൊച്ചി തഹസീൽദാരെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. വി. ഹരിഹരനെതിരെയുള്ള റിക്കവറി നടപടികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നു എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ 1998-99-ൽ നൽകിയപ്പോൾ അധികമായി നൽകിയ 13,157 രൂപ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എം. ജെ. വർഗ്ഗീസ് എന്നയാളിൽ നിന്നും ഈടാക്കുന്നതിന് നിയമസഭാ സമിതി നിർദ്ദേശപ്രകാരം ടിയാളിൽ നിന്ന് തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി ഫോറം 24-ൽ ഓൺലൈനായി 10-1-2014-ൽ കളക്ടറുടെ അപേക്ഷ നൽകിയിരുന്നു. ശ്രീ. എം. ജെ. വർഗ്ഗീസ് ആലപ്പുഴ ജില്ലക്കാരനായതിനാൽ റവന്യൂ റിക്കവറി നടപടികൾ ആലപ്പുഴ കളക്ടേറ്റിലാണ് നടക്കുന്നത്. 16-1-2014-ൽ ഈ ഫയൽ അമ്പലപ്പുഴ താലൂക്ക് ഓഫീസിലേക്കും, 22-5-2014-ൽ പുന്നപ്ര വില്ലേജ് ഓഫീസിലേക്കും നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ നടന്നുകൊണ്ടിരിക്കുന്നു എന്നാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 1-7-2015-ൽ മറുപടി നൽകിയിട്ടുള്ളത്. നാളിതുവരെ തുക ഈടാക്കിയിട്ടില്ല.

**ഖണ്ഡിക നമ്പർ 46**

<u>ശിപാർശ</u>

3.2.1 8,64,360 രൂപയുടെ പുതിയ എസ്റ്റിമേറ്റിന് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.2.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011) യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 46 മേലുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഓഡിറ്റ് പരാമർശങ്ങൾ താഴെപ്പറയും പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|
| ആര്യാട് | 46 | 2003-2004<br>4.5.2 | 2000-2001 | 35 |

## ഖണ്ഡിക നമ്പർ 51

ശിപാർശ

3.3.1 ആസ്പിൻവാൾ-മടയൻതോട് കലുങ്ക് നിർമ്മാണത്തിനായി ഏറ്റെടുത്ത കോമളപുരം-ആസ്പിൻവാൾ-നേതാജി റോഡ്, ഗ്രാമപഞ്ചായത്തിന്റെ റോഡ് തന്നെയാണെന്ന് റോഡ് രജിസ്റ്ററുകൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച വന്നതായി സമിതി വിലയിരുത്തി.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 ടി വിഷയം സംബന്ധിച്ച് ആലപ്പുഴ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ ബി. ആർ. പ്രദീപ്കുമാറിൽ നിന്നും തുക ഈടാക്കുവാൻ നോട്ടീസ് നൽകുകയും അതിനെതിരെ ടിയാൻ ആലപ്പുഴ ജില്ലാകോടതിയിൽ ഒ.പി.എൽ.എഫ്.എ. 25/2004 പ്രകാരം അന്യായം ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കോടതിയുടെ 3-7-2008-ലെ ഒ.പി.എൽ.എഫ്.എ. 25/2004- നമ്പർ ഉത്തരവ് മുഖേന സർചാർജ്ജ് റദ്ദ് ചെയ്തിട്ടുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.3.3 പരാമർശിത വിഷയം സംബന്ധിച്ച് ശ്രീ. ബി.ആർ. പ്രദീപ്കുമാർ ആലപ്പുഴ ജില്ലാ കോടതിയിൽ ഒ. പി. എൽ. എഫ്. 25/2004 പ്രകാരം അന്യായം ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കോടതിയുടെ 3-7-2008-ലെ ഒ.പി.എൽ.എഫ്.എ/25/2004 നമ്പർ ഉത്തരവ് മുഖേന സർചാർജ്ജ് നടപടികൾ റദ്ദ് ചെയ്തിട്ടുള്ളതുമാണ്.

## ഖണ്ഡിക നമ്പർ 52

ശിപാർശ

3.4.1 ഗ്രാമപഞ്ചായത്തിന്റെ റോഡ് രജിസ്റ്ററിൽ പ്രസ്തുത റോഡ് ഉണ്ടായിരുന്നെങ്കിൽ, ഗ്രാമപഞ്ചായത്തിന്റെ അനുവാദം ഉണ്ടെങ്കിൽ മാത്രമേ പി.ഡബ്ല്യൂ.ഡി.-ക്ക് റോഡ് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്നും, അതുകൊണ്ട് തന്നെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുക്കുമ്പോൾ പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത വിവരം ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽ വന്നിട്ടില്ലായിരുന്നുവെന്നുള്ള സെക്രട്ടറിയുടെ മറുപടി വിശ്വസനീയമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 ആര്യാട് ഗ്രാമപഞ്ചായത്തിലും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലും കൂടി കടന്ന് പോകുന്ന പാതിരപ്പള്ളി-കോമളപുരം ആസ്പിൻവാൾ നേതാജി റോഡ് പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ (റോഡ് സെക്ഷൻ) ആലപ്പുഴയുടെ ഡി2/ബി2.7/90 തീയതി 7-7-1995 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയിരുന്നു. ഗ്രാമപഞ്ചായത്തുമായുള്ള ചർച്ചകൾക്ക് ശേഷം 6 മീറ്റർ വീതിയിലും 2850 മീറ്റർ നീളവുമുള്ള ടി റോഡ് പി.ഡബ്ല്യൂ.ഡി. ക്ക് കൈമാറുകയും 15-3-1996-ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി റോഡ് ഏറ്റെടുത്തതിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തിട്ടുള്ളതാണ്.

3.4.3 1998-1999 പ്രോജക്ടിൽ ഉൾപ്പെടുത്തി ഇ.എം.എസ്. പദ്ധതി പ്രകാരം റോഡിന് കുറുകെ പാലം നിർമ്മിക്കാൻ 4-6-1999-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. പാലം പണി ആരംഭിക്കുന്നതിന് മുൻപ് ടി റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിൽ സെക്രട്ടറിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. ടി റോഡ് ഏറ്റെടുത്തിട്ടുള്ള വിവരം ബ്ലോക്ക് പഞ്ചായത്ത് സമിതി സെക്രട്ടറിയിൽ നിന്നും മറച്ചുവച്ചു എന്നുള്ള കാര്യവും പരിഗണിക്കേണ്ടതാണ്.

3.4.4 9 ലക്ഷം രൂപ അടങ്കൽ ഉള്ള ആസ്പിൻവാൾ മടയാംതോട് പാലം പണി ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ചിട്ട് 8 മാസം കഴിഞ്ഞപ്പോഴാണ് പി. ഡബ്ല്യൂ. ഡി. ഏറ്റെടുത്ത റോഡാണെന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഈ പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ട് പി. ഡബ്ല്യൂ. ഡി.-കത്ത് നൽകിയെങ്കിലും ഈ സമയത്തിനുള്ളിൽ 4 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ഈ പാലത്തിനായി മുടക്കിക്കഴിഞ്ഞിരുന്നു. എന്നിരുന്നാലും പി. ഡബ്ല്യൂ. ഡി.-യിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിൽ തൽക്കാലം വർക്ക് നിർത്തിവയ്ക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ അന്വേഷണത്തിൽ പി. ഡബ്ല്യൂ.ഡി. ഉടനെ ഈ വർക്കിന്റെ പണി തുടങ്ങുവാൻ സാദ്ധ്യതയില്ലെന്ന് അറിഞ്ഞിരുന്നതിനാലും 4 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചത് പാഴായി പോകുന്നതിനാലും ജനോപകാരപ്രദമായ ഈ പാലം പൂർത്തിയാക്കുകയാണ് വേണ്ടതെന്നും കമ്മിറ്റി തീരുമാനിച്ചു. പി. ഡബ്ല്യൂ. ഡി.-യുടെ ചട്ടപ്രകാരമുള്ള വീതി കൂടി ഉൾക്കൊള്ളിച്ച് പാലം ചെയ്യുന്നതാകയാൽ ഭാവിയിൽ മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാകുകയില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഈ തീരുമാനം എടുത്തത്. പി. ഡബ്ല്യൂ. ഡി.-യിൽ നിന്നുള്ള എഞ്ചിനീയർമാരാണ് ബ്ലോക്ക് പഞ്ചായത്തിൽ പ്രവൃത്തി ചെയ്യുന്നത് എന്നത് കൊണ്ട് അവരുടെ സാങ്കേതിക അഭിപ്രായവും കണക്കിലെടുത്ത് പി.ഡബ്ല്യൂ.ഡി. ചെയ്യുന്ന പാലത്തിന്റെ അതേ വീതിയിൽ തന്നെ പാലം പണി പൂർത്തീകരിച്ച് ഫൈനൽ തുകയും

നൽകിയിട്ടുണ്ട്. ഇപ്പോഴും ടി പാലം പി. ഡബ്ല്യു. ഡി. റോഡിൽ നിലനിൽക്കുന്നു. ആളുകൾക്ക് പ്രയോജനവും ലഭിക്കുന്നു. ആയതിനാൽ ഈ പാലം പണിയുന്നായി ചെലവഴിച്ചിട്ടുള്ള തുക പാഴ്ച്ചെലവാകാതെ ഉപയുക്തമാക്കിയിട്ടുണ്ട്.

3.4.5 ടി ഓഡിറ്റ് പരാമർശ പ്രകാരമുള്ള വസ്തുതകളെ സംബന്ധിച്ച് ആലപ്പുഴ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ. ആർ. പ്രദീപ്കുമാറിൽ നിന്നും തുക റിക്കവറി ചെയ്യുന്നതിനായി സർചാർജ്ജ് നോട്ടീസ് നൽകുകയും അതിനെതിരെ ശ്രീ. എ. ആർ. പ്രദീപ്കുമാർ ആലപ്പുഴ ജില്ലാ കോടതിയിൽ OP(LFA)No.25/2004 പ്രകാരം അന്യായം ഫയൽ ചെയ്യുകയും ഉണ്ടായി. ബഹു. ആലപ്പുഴ ജില്ലാ കോടതിയുടെ 3-7-2008 -ലെ OP(LFA)No.25/2004 ഉത്തരവ് മുഖേന മേൽ സർചാർജ്ജ് റദ്ദ് ചെയ്ത സാഹചര്യത്തിലും നിലവിൽ കലുങ്കിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതും ഇത് ഗതാഗതയോഗ്യവുമാണ് എന്നതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ അപേക്ഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.4.6 മഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 14-ാം വാർഡ്, ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡ് എന്നിവയ്ക്ക് മദ്ധ്യേ ഉള്ള ആസ്പിൻവാൾ - മടയൻതോട് കലുങ്ക് നിർമ്മാണം 1998-1999 വർഷത്തെ എംപ്ലോയ്മെന്റ് അഷ്വറൻസ് സ്കീമിൽ (EAS) 9 ലക്ഷം രൂപ അടങ്കലിൽ 8,42,639 രൂപ ചെലവഴിച്ച് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ളതാണ്.

3.4.7 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ കലുങ്ക് നിർമ്മാണത്തിന് കൺവീനർക്ക് 4 ലക്ഷം രൂപ മുൻകൂർ നൽകിയതിന് ശേഷം ബ്ലോക്ക് പഞ്ചായത്തിന് പൊതുമരാമത്ത് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 6-8-1999-ലെ എ.1-888/90 നമ്പർ കത്ത് ലഭിക്കുകയും പ്രസ്തുത കത്തിൽ റോഡിന്റെ ഉടമസ്ഥാവകാശം പൊതുമരാമത്ത് വകുപ്പിനാണെന്നും ഈ റോഡിൽ ബ്ലോക്ക് പഞ്ചായത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ പാടില്ലെന്നും അറിയിച്ചിരുന്നു. ഇതേ തുടർന്ന് 7-8-1999-ലെ 10-ാം നമ്പർ തീരുമാന പ്രകാരം ടി പ്രവൃത്തിക്ക് നിലവിലുള്ള സ്ഥിതിയിൽ പാർട്ട് ബിൽ നൽകുവാനും പ്രവൃത്തി നിർത്തി വയ്ക്കുവാനും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ 4 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ഇതിനോടകം ചെലവഴിച്ച് കഴിഞ്ഞിട്ടുള്ളതിനാൽ നാട്ടുകാർക്ക് ഒരു പ്രയോജനവും ലഭിക്കാത്ത അവസ്ഥയിൽ പ്രവൃത്തി നിർത്തിവയ്ക്കുകയും സമീപ ഭാവിയിൽ പി.ഡബ്ല്യു.ഡി. അവിടെ പാലം പണിയാൻ സാധ്യത ഇല്ലാത്തതിനാൽ പ്രസ്തുത പണി എത്രയും വേഗം തീർത്ത് ജനോപകാരപ്രദമാക്കുന്നതിനും

7-8-1999-ലെ തീരുമാനം റദ്ദുചെയ്യുന്നതിനും 11-10-1999-ൽ കൂടിയ 7-ാം നമ്പർ തീരുമാനം പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വീണ്ടും 4-1-2000-ലെ എ.1/888/90-ാം നമ്പർ കത്തിലൂടെ കലുങ്ക് നിർമ്മാണം പൊതുമരാത്ത് വകുപ്പിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണെന്നും പി.ഡബ്ല്യൂ.ഡി.-യുടെ സ്റ്റാൻഡേർഡ്സിന് അനുസൃതമല്ലായെന്നും വ്യക്തമാക്കുകയുണ്ടായി. കൂടാതെ " Pucca 2 line bridge" -ന്റെ പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് നടത്തിയത് പ്രകാരം കരാറുകാരൻ പാലം പണിയുന്നതിനായി കരാറിലേർപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കി. ആയത് കൊണ്ട് കലുങ്ക് നിർമ്മാണം നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതേ തുടർന്ന് 18-1-2000-ലെ 1-ാം നമ്പർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കൾവർട്ടിന്റെ കാര്യേജ്-വേ 4.50 മീറ്റർ വീതിയിൽ വർദ്ധിപ്പിച്ചാൽ പി.ഡബ്ല്യൂ.ഡി.-യുടെ സിംഗിൾ-വേ പാലങ്ങൾക്കുള്ള വീതിയുണ്ടാകുമെന്നും ആയതിനനുസൃതമായി ഡിസൈനിൽ മാറ്റം വരുത്തുന്നതിന് ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിക്കാമെന്നും തീരുമാനിച്ചു.

3.4.8 24-2-2000-ൽ പണി പൂർത്തീകരിച്ചതായി ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള കലുങ്ക് മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് എൽ. എസ്. ജി. ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 23-7-2018 -ൽ നേരിൽ പരിശോധിക്കുകയുണ്ടായി. പ്രസ്തുത കലുങ്കിന്റെ നീളം 10 മീറ്ററും വീതി 3.70 മീറ്ററും ആണെന്ന് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

3.4.9 ഒരു ദശാബ്ദത്തിലേറെ കാലപ്പഴക്കമുള്ള കലുങ്ക് നിലവിൽ ഗതാഗതയോഗ്യമാണ്. അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ. ആർ. പ്രദീപ് കുമാറിനെതിരെയുള്ള 18-12-2003-ലെ സർചാർജ്ജ് സർട്ടിഫിക്കറ്റ്, ബഹു. ജില്ലാ കോടതിയുടെ 3-7-2008-ലെ ഒ.പി.(എൽ.എഫ്.)നമ്പർ 25/2004 ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 81**

**ശിപാർശ**

3.5.1 സ്വന്തമായി വസ്തു ഇല്ലാതിരുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയത് നിയമപരമായി ശരിയല്ലെങ്കിലും, ഗുണഭോക്താക്കൾ രണ്ടുപേരും പദ്ധതി തുക ഉപയോഗിച്ച് വാസയോഗ്യമായ ഭവനം നിർമ്മിച്ച് താമസിക്കുന്നുവെന്നുള്ള സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.5.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 81 മേലുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഓഡിറ്റ് പരാമർശം താഴെ പറയും പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|
| ഹരിപ്പാട് | 81 | 2004-2005<br>3.4.11.1.1 | 2000-2001<br>2001-2002 | 5(1,2) |

**ഖണ്ഡിക നമ്പർ 85**

ശിപാർശ

3.6.1 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.6.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 85 മേലുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഓഡിറ്റ് പരാമർശം താഴെ പറയും പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|
| ഹരിപ്പാട് | 85 | 2004-05<br>3.4.11.1.2 | 2000-2001<br>2001-2002 | 8 |

**ഖണ്ഡിക നമ്പർ 97, 98**

ശിപാർശ

3.7.1 പല്ലാരിമംഗലം പുഞ്ചക്കാലതോട് സംരക്ഷണം പ്രവൃത്തിക്കായി 12-4-1999-ലെ കൺവീനർക്ക് 12,500 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടും കൺവീനർ

യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു കൺവീനർ യാതൊരു പ്രവൃത്തിയും നടത്താതിരുന്നിട്ടും 3/2000-ലും 4/2000-ലും യഥാക്രമം 15,000 രൂപ, 10,000 രൂപ എന്നീ തുകകൾ അഡ്വാൻസ് നൽകിയ നടപടി ഒരു കാരണവശാലും ന്യായീകരിക്കുവാൻ സാധിക്കില്ലെന്ന് സമിതി വിലയിരുത്തി.

3.7.2 അഡ്വാൻസായി കൈപ്പറ്റിയ തുക പലിശ സഹിതം അടയ്ക്കണമെന്ന് കാണിച്ച് കൺവീനറായ ശ്രീ. നാരായണന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും തുക തിരിച്ചടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും സമിതിയെ അറിയിച്ചുവെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ 37,500 രൂപ ഈടാക്കുന്നതിന് 29-12-2007, 13-2-2008 എന്നീ തീയതികളിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് കത്ത് അയച്ചിട്ടുള്ളതല്ലാതെ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്രമരഹിതമായി ചെലവ് ചെയ്ത 37,500 രൂപ പലിശ സഹിതം അടിയന്തരമായി കൺവീനറിൽ നിന്നും ഈടാക്കണമെന്നും ആയതിന് സാധിച്ചില്ലെങ്കിൽ പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.3 പല്ലാരിമംഗലം പുഞ്ചക്കാലതോട് സംരക്ഷണ പ്രവൃത്തി കൺവീനറായിരുന്ന ശ്രീ. നാരായണൻ എന്നയാളിൽ നിന്നും റവന്യൂ റിക്കവറി നടപടി ക്രമത്തിലൂടെ 37,500 രൂപ ഈടാക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടർ മാവേലിക്കര തഹസിൽദാർക്ക് അടിയന്തര നിർദ്ദേശം നൽകുകയും തഹസിൽദാർ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.7.4 ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 31-5-2008-ൽ ആർ.ആർ. നടപടികൾക്ക് കളക്ടർ കത്ത് നൽകുകയും, പലതവണ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിരുന്നു എങ്കിലും 19-7-2010 ലാണ് ആർ.ആർ. സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തിരുന്നു എന്ന് കാണിച്ച് കളക്ടറേറ്റിൽ നിന്ന് മറുപടി ലഭിച്ചിട്ടുള്ളത് (ബി.6.34978/10) ആർ.ആർ. സർട്ടിഫിക്കറ്റിന്മേലുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് അറിയിക്കുന്നതിന് മാവേലിക്കര തഹസീൽദാർക്ക് നൽകിയ കത്തിനുള്ള മറുപടിയിൽ ഇപ്രകാരം ഒരു സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുള്ളത്. തുടർന്ന് പലതവണ കളക്ടറേറ്റുമായി കത്തിടപാട് നടത്തിയതിൽ 2-9-2008-ൽ കൺവീനർ മരണപ്പെട്ടതായും അയാളുടെ അനന്തരാവകാശികളുടെ വിവരം ലഭ്യമാക്കിയാൽ തുടർനടപടികൾ സ്വീകരിക്കാം എന്നും 18-6-2014-ൽ കളക്ടറേറ്റിൽ നിന്ന് അറിയിച്ചതിനെ തുടർന്ന് മാവേലിക്കര തഹസീൽദാരിൽ നിന്നും അനന്തരാവകാശികളുടെ വിവരം ലഭ്യമാക്കുകയും 14-7-2014-ൽ ആർ. ആർ. നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആർ. ആർ. നടപടികളുടെ പുരോഗതി

അറിയിക്കുന്നതിന് മാവേലിക്കര തഹസീൽദാർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല, മാത്രവുമല്ല നാളിതുവരെ തുകയൊന്നും ഈടാക്കിയിട്ടുമില്ല. കൺവീനറിൽ നിന്ന് തുക ഈടാക്കാൻ പറ്റാതിരുന്ന സാഹചര്യത്തിൽ സമിതി നിർദ്ദേശാനുസരണം സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കാമായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെയാണ് കൺവീനറുടെ അനന്തരാവകാശികളിൽ നിന്നും തുക ഈടാക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചതെന്നും അറിയിക്കുന്നു.

**ഖണ്ഡിക നമ്പർ 103**

ശിപാർശ

3.8.1 പരിഷ്കരിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും ഡി.പി.സി. അംഗീകാരവും ലഭിക്കാതെ പദ്ധതിക്ക് തുക നല്കിയത് ക്രമവിരുദ്ധമായതിനാൽ ബന്ധപ്പെട്ട സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ആവശ്യപ്പെട്ട പ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന് ലഭിച്ച സാങ്കേതികാനുമതി സംബന്ധിച്ച രേഖകൾ, അളവുപുസ്തകം, പൂർണ്ണ വിവരങ്ങൾ അടങ്ങിയ ബിൽ എന്നിവ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ആഡിറ്റിനുമുമ്പാകെ ഹാജരാക്കണമെന്നും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

ബ്ലോക്ക് പഞ്ചായത്ത് ക്യാന്റീൻ പുനരുദ്ധാരണത്തിൽ ക്രമവിരുദ്ധ ചെലവ്

3.8.2 പരിഷ്കരിച്ച എസ്റ്റിമേറ്റിന്റെ സാങ്കേതിക അനുമതി സംബന്ധിച്ച രേഖകൾ, അളവുപുസ്തകം, പൂർണ്ണ വിവരങ്ങൾ അടങ്ങിയ ബിൽ എന്നിവ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റിന് മുൻപാകെ ഹാജരാക്കണമെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ഖണ്ഡിക നമ്പർ 103 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3.8.3 ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് 47,350 രൂപ കൂടാതെ 40% അധികം കൂടി ഉൾപ്പെടുത്തി ആകെ 65,824 രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. (47,350+18,474) എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന് രേഖപ്പെടുത്തി ഈ എസ്റ്റിമേറ്റിൽ ഇനിഷ്യൽ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 65,824 രൂപയ്ക്ക് പകരം സാങ്കേതികാനുമതി രേഖയിൽ 47,350 രൂപ എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

3.8.4 കൂടാതെ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് അളവുപുസ്തകം ഒഴികെയുള്ള മറ്റ് രേഖകൾ ടി ഫയലിനൊപ്പം ഹാജരാക്കിയിട്ടുണ്ട് എന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

**ഖണ്ഡിക നമ്പർ 108**

ശിപാർശ

3.9.1 രസീത് പിരിവുപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടതായ 18,932 രൂപ പ്രസ്തുത കാലയളവിലെ ക്ലാർക്ക് ശ്രീ. ശ്രീകമാറിന്റെ ഡി. സി. ആർ. ജി.-യിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്തിൽ വരവ് വച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 ശ്രീ. ശ്രീകമാർ സർവ്വീസിലിരിക്കെ മരിച്ചുപോയിട്ടുള്ളതാണ്. ടിയാന്റെ ഭാര്യ ശ്രീമതി പ്രേമാഭായി തമ്പുരാട്ടിക്ക് നൽകിയ ഡി.സി.ആർ.ജി.-യിൽ നിന്നും 18,932 രൂപ മാവേലിക്കര ട്രഷറി 2515-00-19-45-02 എന്ന ശീർഷകത്തിൽ ചെലാൻ നമ്പർ 364 പ്രകാരം 28-4-2006-ൽ ഈടാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.9.3 രസീത് പിരിവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടതായ 18,932 രൂപ ആ കാലയളവിലെ ക്ലാർക്ക് ശ്രീകമാർ മരണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് നൽകിയ ഡി.സി.ആർ.ജി.-യിൽ നിന്നും ചെലാൻ നമ്പർ 364/28-4-2006-ൽ ഈടാക്കിയിട്ടുണ്ടെന്ന് ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (മാവേലിക്കര ട്രഷറി ഓഫീസറുടെ കത്ത് പ്രകാരം) മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ചെലാന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരേണ്ടിയിരുന്ന തുക സഞ്ചിതനിധിയിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്.

**ഖണ്ഡിക നമ്പർ 112**

ശിപാർശ

3.10.1 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.10.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011) യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 112-മേലുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ പരാമർശം താഴെപ്പറയും പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|
| ഒല്ലൂക്കര | 112 | 2002-03 VII.I.8.5(i) | 2000-01 | 24 |

**ഖണ്ഡിക നമ്പർ 119**

<u>ശിപാർശ</u>

3.11.1 പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.11.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011) യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 119 മേലുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഓഡിറ്റ് പരാമർശം താഴെപ്പറയും പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|
| ഒല്ലൂക്കര | 119 | 2002-03 VII.I.8.5(ii) | 2000-01 | 38 |

**ഖണ്ഡിക നമ്പർ 144**

<u>ശിപാർശ</u>

3.12.1 പട്ടികജാതി വനിതകൾക്കുവേണ്ടി മേലൂർ വനിതാ വ്യവസായ എസ്റ്റേറ്റിൽ കോൺഫറൻസ് ഹാളും, ഓഫീസും പണിയുന്ന പദ്ധതിയും, വ്യവസായം തുടങ്ങുന്നതിന് ഷെഡ്ഡുകൾ നിർമ്മിക്കുന്ന പദ്ധതിക്കും 2/2000, 3/2000, 5/2000 എന്നീ തീയതികളിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മുൻകൂറായി തുകകൾ നൽകിയതായി സമിതി മനസ്സിലാക്കുന്നു. തുകകൾ കൈപ്പറ്റി പണി പൂർത്തിയാക്കാത്തതിനാൽ മുൻകൂർ നൽകിയ തുകകൾ ഈടാക്കുന്നതിനായി ഏതാണ്ട് ഏഴ് വർഷം കഴിഞ്ഞ് അതായത് ഓഡിറ്റ്

പരിശോധന സംബന്ധിച്ച് നിയമസഭാ സമിതിയുടെ നോട്ടീസ് ലഭിച്ചതിനുശേഷം മാത്രമാണ് റവന്യൂ റിക്കവറി നടപടികൾക്കായി കളക്ടർക്ക് കത്ത് നൽകിയിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. പൊതുപണം വിനിയോഗിക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടുള്ള അലംഭാവത്തിന് ഉത്തമ ഉദാഹരണമായി സമിതി ഇതിനെ കാണുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.2 പട്ടികജാതി വനിതകൾക്കുവേണ്ടി മേലൂർ വനിതാ വ്യവസായ എസ്റ്റേറ്റിൽ കോൺഫറൻസ് ഹാളും ഓഫീസും പണിയുന്നതിനും, വ്യവസായ ഷെഡ്ഡുകൾ പണിയുന്നതിനും രണ്ട് ഗുണഭോക്തൃ സമിതികൾക്കും ആവശ്യമായ മൊബിലൈസേഷൻ അഡ്വാൻസുകൾ നിർവ്വഹണോദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോടെ നൽകി. കൺവീനർ ശ്രീമതി സി.പി. ദേവകിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 20-2-2000-ൽ 419213-ാം നമ്പർ ചെക്ക് പ്രകാരം 50,000 രൂപയും 3-5-2000-ൽ 419925-ാം നമ്പർ ചെക്ക് പ്രകാരം 32,250 രൂപയും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടർ പ്രവർത്തനം എന്ന പദ്ധതിക്ക് കൺവീനർ ശ്രീ. എം.പി. ചന്ദ്രന് 8-2-2000-ലെ 419911 നമ്പർ ചെക്ക് പ്രകാരം 50,000 രൂപയും 31-3-2000-ലെ ചെക്ക് നമ്പർ 0419916 പ്രകാരം 45,000 രൂപയും നിർവ്വഹണ ഉദ്യോഗസ്ഥൻ അഡ്വാൻസ് ആയി അനുവദിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനം ആരംഭിച്ച ശേഷം ഇദ്ദേഹം ചാലക്കുടിയിൽ നിന്നും സ്ഥലംമാറി ആലപ്പുഴ ജില്ലയിലേക്ക് പോയി. ഈ സമയത്ത് പദ്ധതിയുടെ നടത്തിപ്പിന്റെ മോണിറ്ററിംഗിൽ ശരിയായ ശ്രദ്ധ പതിഞ്ഞിട്ടില്ല.

3.12.3 പിന്നീട് കൺവീനർമാർക്ക് എതിരായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചുവെങ്കിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും വളരെ ദരിദ്രമായ അവസ്ഥയിൽ ജീവിക്കുന്നതുമായ ശ്രീമതി സി.പി. ദേവകിയ്ക്ക് സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ റിക്കവറി നടത്തുന്നതിന് കഴിയാത്ത കാര്യം തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. മാത്രമല്ല ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്തപ്പോൾ അവർക്ക് നൽകിയ തുകയേക്കാൾ കൂടുതലായി വാല്യുവേഷൻ വന്നിട്ടുമുണ്ട്. [കൈപ്പറ്റിയ അഡ്വാൻസ് തുക-82,500, വാല്യുവേഷൻ തുക-98,665, അധികം ചെലവാക്കിയ തുക-16,165]. ആയതിനാൽ ടിയാരിക്ക് എതിരെയുള്ള നടപടി നിർത്തിവയ്ക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 27-4-2018-ലെ 5(7) നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ടിയാരിക്ക് എതിരെയുള്ള തുക എഴുതിത്തള്ളുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടിയാരിക്കെതിരെയുള്ള പരാമർശം ഒഴിവാക്കുന്നതിനായി സമിതിയോടപേക്ഷിക്കുന്നു.

3.12.4 ശ്രീ. എം. പി. ചന്ദ്രനെതിരെയുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. എം. പി. ചന്ദ്രന്റെ പേരിലുള്ള മേലൂർ വില്ലേജ് സർവ്വേ നമ്പർ 1194/1 -ൽ 8 സെന്റ് ഭൂമിയിൽ ജപ്തി നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നതായി തഹസിൽദാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

3.12.5 ബ്ലോക്ക് പഞ്ചായത്ത്, പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് നിലവിൽ പട്ടികജാതി വനിതകൾക്ക് കടംപുളിയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായത്തിനായി നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.12.6 ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ശ്രീമതി സി.പി. ദേവകിയ്ക്ക് 82,250 രൂപ മുൻകൂർ നൽകിയ പ്രവൃത്തിയിൽ (മേലൂർ വനിതാ വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമ്മാണം) 98,665 രൂപയുടെ പ്രവൃത്തി നടത്തിയതിന്റെ വാല്യുവേഷൻ റിപ്പോർട്ട് 4-8-2008-ലെ ഇ 1-84/07 നമ്പർ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, ചാലക്കുടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, മേൽ പ്രവൃത്തി ഏത് കാലയളവിലാണ് നടത്തിയതെന്ന് പരിശോധിക്കുന്നതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ചാലക്കുടി തഹസീൽദാരുടെ 14-12-2011-ലെ ഡി1-7617/2008 നമ്പർ കത്തുപ്രകാരം ശ്രീമതി സി.പി. ദേവകിയ്ക്കും കുടുംബത്തിനും കൂട്ടായി അവകാശപ്പെട്ട 10 സെന്റ് ഭൂമിയിൽ 1/3 ഭാഗം (മേലൂർ വില്ലേജ് സർവ്വെ നമ്പർ 1192/14-ലെ 0.0405 ഹെക്ടർ ഭൂമിയിലെ 1/3 ഭാഗം) ജപ്തി ചെയ്ത് 24-9-2008-ന് ഉത്തരവായിട്ടുണ്ട്. എന്നാൽ, ടിയാരിക്ക് സ്വന്തമായി സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാൽ റിക്കവറി നടത്തുന്നതിന് കഴിയാത്ത കാര്യവും തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3-3-2008-ലെ ഡി5-7617/2008 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഈടാക്കുവാനുള്ള തുക 1,96,771 രൂപയുണ്ട്. ജപ്തി ചെയ്ത ഭൂമിയിൽ ലേല നടപടികൾ സ്വീകരിക്കുന്നതിനായി ചാലക്കുടി മുൻസിഫ് കോടതിയിൽ പാർട്ടീഷൻ സ്യൂട്ട് ഫയൽ ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്ന കാര്യവും തഹസീൽദാർ അറിയിച്ചിട്ടുണ്ട്. എന്നാൽ, കൈപ്പറ്റിയ മുൻകൂർ തുകയേക്കാൾ കൂടുതൽ മൂല്യമുള്ള പ്രവൃത്തി നടത്തിയതിനാൽ, ടിയാരിക്കെതിരെയുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിന് അപേക്ഷിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 27-4-2018-ലെ 5(7) നമ്പർ പ്രകാരം തീരുമാനമെടുക്കുകയും 16-5-2018-ലെ ഡി.1228/13 നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണറോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടി വിവരങ്ങൾ ലഭ്യമായിട്ടില്ല. വ്യവസായ എസ്റ്റേറ്റ് തുടർ പ്രവർത്തനമെന്ന പ്രവൃത്തിക്കായി ശ്രീ.എം.പി. ചന്ദ്രൻ കൈപ്പറ്റിയ 1,45,000 രൂപ, 2,04,150 രൂപ പലിശയടക്കം (18%) ആകെ 3,49,150 രൂപ ഈടാക്കുന്നതിനായി ചാലക്കുടി തഹസീൽദാർ 3-3-2008-ൽ ഡി.5-7618/08 നമ്പർ നോട്ടീസ് നൽകുകയും തുക അടവാക്കാത്തതിനെ തുടർന്ന് ടിയാൾക്ക് ഓഹരി അവകാശമുള്ള മേലൂർ വില്ലേജിലെ സർവ്വേ നമ്പർ 1194/1-ൽ 8 സെന്റ് ഭൂമി ജപ്തി ചെയ്ത് 26-6-2018-ന് ഉത്തരവായിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 145

#### ശിപാർശ

3.13.1 വിഭാവനം ചെയ്യതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോയെന്ന് യഥാസമയം വിലയിരുത്തിയിരുന്നുവെങ്കിൽ ഇത്രയും വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ തുക ഗുണഭോക്തൃ സമിതി കൺവീനർമാർ ദുരുപയോഗം ചെയ്യുന്നത് തടയാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. പദ്ധതി വിലയിരുത്തുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച ഉണ്ടായതായി സമിതി വിലയിരുത്തി. ആയതിനാൽ പദ്ധതികൾ വിലയിരുത്താതെ ബ്ലോക്ക് പഞ്ചായത്തിന്റെ പണം കൺവീനർമാരുടെ കയ്യിൽ തന്നെ സൂക്ഷിക്കാൻ അവസരം ഉണ്ടാക്കിക്കൊടുത്ത നിർവ്വഹണോദ്യോഗസ്ഥൻ ശ്രീ. ശശിധരക്കുറുപ്പിനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

#### സർക്കാർ സ്വീകരിച്ച നടപടി

3.13.2 ശ്രീ. എം. എൽ. ശശിധരക്കുറുപ്പ് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറായി സേവനമനുഷ്ഠിച്ച കാലഘട്ടത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. രണ്ട് ഗുണഭോക്തൃ സമിതികൾക്കും ആവശ്യമായ മൊബിലൈസേഷൻ അഡ്വാൻസുകൾ നിർവ്വഹണോദ്യോഗസ്ഥനായ ടിയാൻ ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോടെ നൽകിയിട്ടുണ്ട്. കൺവീനർ ശ്രീമതി സി. പി. ദേവകിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 20-2-2000-ൽ 419213-ാം നമ്പർ ചെക്ക് പ്രകാരം 50,000 രൂപയും 3-5-2000-ൽ 419925-ാം നമ്പർ ചെക്ക് പ്രകാരം 32,250 രൂപയും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടർപ്രവർത്തനം എന്ന പദ്ധതിക്ക് കൺവീനർ ശ്രീ. എം.പി. ചന്ദ്രന് 8-2-2000-ലെ 419911-ാം നമ്പർ ചെക്ക് പ്രകാരം 50,000 രൂപയും 31-3-2000-ലെ ചെക്ക് നമ്പർ 419916 പ്രകാരം 45,000 രൂപയും നിർവ്വഹണോദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ ശ്രീ. ശശിധരക്കുറുപ്പ് അഡ്വാൻസ് ആയി അനുവദിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനം ആരംഭിച്ച ശേഷം ഇദ്ദേഹം ചാലക്കുടിയിൽ നിന്നും സ്ഥലം മാറി ആലപ്പുഴ ജില്ലയിലേക്ക് പോയി. നിയമസഭാ കമ്മിറ്റിയുടെ മുമ്പിൽ നേരിട്ട് ഹാജരായി കാര്യങ്ങൾ ബോധിപ്പിക്കുവാൻ ശ്രീ. ശശിധരകുറുപ്പിനോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ 4-1-2008-ലെ ബി. പി. 1536/7 നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ടിയാൻ വിശദീകരണം നൽകിയിട്ടുണ്ടെന്നും ശ്രീ. ശശിധരകുറുപ്പ് സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം, ശ്രീ. ശശിധരകുറുപ്പ് അവസാനമായി ജോലി ചെയ്ത എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം കൂടാതെ തിരുവനന്തപുരം ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് എന്നീ ഓഫീസുകളിലേയ്ക്ക് ടിയാന്റെ വകുപ്പുതല അന്വേഷണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.13.3 പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ശ്രീ. ശശിധരകുറുപ്പിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ അറിയിക്കുന്നതിനാവശ്യപ്പെട്ട് 23-5-2018-ലെ ഡി-1223/13 നമ്പർ പ്രകാരം ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, അയ്യന്തോൾ, തൃശ്ശൂർ & കാക്കനാട്, എറണാകുളം എന്നിവർക്കും ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ് എന്നിവർക്കും ബ്ലോക്ക് പഞ്ചായത്ത് കത്തയച്ചിട്ടുണ്ട്. എന്നാൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

**ഖണ്ഡിക നമ്പർ 146**

<u>ശിപാർശ</u>

3.14.1 മേലൂർ വനിതാ വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമ്മാണ പദ്ധതിയുടെ കൺവീനർ ശ്രീമതി. സി.പി. ദേവകി, മേലൂർ വനിതാ വ്യവസായ എസ്റ്റേറ്റ് തുടർ പ്രവർത്തനം പദ്ധതിയുടെ കൺവീനർ ശ്രീ. എം. പി. ചന്ദ്രൻ എന്നിവരിൽ നിന്ന് ആർ. ആർ. നടപടികളിലൂടെ തുക ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.2 വനിതാ വ്യവസായ കേന്ദ്രത്തിന് ശ്രീമതി സി. പി. ദേവകി കൺവീനറായി ഗുണഭോക്തൃ സമിതി ഈ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി വ്യവസായ വികസന ഓഫീസറുമായി 2000 ഫെബ്രുവരി 14-ന് കരാറിൽ ഏർപ്പെടുകയുണ്ടായി. 7 അംഗസമിതിയിൽ ഭൂരിപക്ഷം പേരും എസ്. സി. വിഭാഗത്തിൽപ്പെട്ട വനിതകളായിരുന്നു. 1,73,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി നൽകി തയ്യാറാക്കിയിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ബി.എൽ.ടി.സി. പദ്ധതിക്ക് സാങ്കേതികാനുമതിയും നൽകിയിരുന്നു. തുടർന്ന് പണി തുടങ്ങുകയും കൺവീനർ ശ്രീമതി സി. പി. ദേവകിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 20-2-2000-ൽ 419213-ാം നമ്പർ ചെക്ക് പ്രകാരം 50,000 രൂപയും 3-5-2000-ൽ 419925 നമ്പർ ചെക്ക് പ്രകാരം 32,250 രൂപയും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടർ പ്രവർത്തനം എന്ന പദ്ധതിക്ക് കൺവീനർ ശ്രീ. എം. പി. ചന്ദ്രന് 8-2-2000-ലെ 419916 പ്രകാരം 45,000 രൂപയും നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ ശ്രീ.ശശിധരകുറുപ്പ് അഡ്വാൻസ് ആയി അനുവദിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പലവട്ടം ഗുണഭോക്തൃ സമിതികളുമായി ചർച്ചനടത്തിയിട്ടും പണി പൂർത്തീകരിച്ചില്ല. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 27-12-2007-ലെ തീരുമാനം നമ്പർ 7 പ്രകാരം 2007-08 സാമ്പത്തിക വർഷം വനിത വ്യവസായ കേന്ദ്രത്തിന് 13,10,000 രൂപ വകയിരുത്തുകയും ടെണ്ടർ വിളിച്ച് പണി

പൂർത്തിയാക്കുവാനും തീരുമാനിച്ചു. ടെണ്ടർ പ്രകാരം ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പണി ഏറ്റെടുക്കുകയും പണി പൂർത്തിയാക്കുകയും 2010 ഏപ്രിൽ മാസത്തിൽ വ്യവസായ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. നിലവിൽ കടംപുളി സംസ്കരണ കേന്ദ്രം യൂണിറ്റ് പ്രവർത്തിക്കുന്നതിനായി ഈ കെട്ടിടം വാടകയ്ക്ക് നല്കിയിരിക്കുകയാണ്.

3.14.3 ഗുണഭോക്തൃ സമിതി കൺവീനർക്ക് ബാദ്ധ്യത കണക്കാക്കുന്നതിലേക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാലക്കുടി നടത്തിയ വാല്യുവേഷൻ വനിതാ വ്യവസായ കേന്ദ്രത്തിന് 98,625 രൂപ വാല്യുവേഷൻ നടത്തിയിരുന്നു. തുടർന്ന് പട്ടികജാതി വനിതാ വ്യവസായ കേന്ദ്രം ഗുണഭോക്തൃസമിതി കൺവീനർ ശ്രീമതി സി.പി.ദേവകിക്ക് പലിശയടക്കം 1,96,771 രൂപ ബാദ്ധ്യത കണക്കാക്കുകയും ചെയ്തു. മേലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടർ പ്രവർത്തനം എന്ന പദ്ധതിക്ക് കൺവീനർ ശ്രീ.എം.പി. ചന്ദ്രന്റെ പേരിൽ അധിക ബാദ്ധ്യത പലിശയടക്കം 3,49,150 രൂപ ബാദ്ധ്യത കണക്കാക്കുകയും ചെയ്തു.

3.14.4 മേലൂർ പട്ടികജാതി വ്യവസായ എസ്റ്റേറ്റ് കെട്ടിടം (വനിത) എന്ന പ്രവൃത്തിയുടെ കൺവീനർ ശ്രീ. സി. പി. ദേവകി വനിത എസ്റ്റേറ്റ് തുടർപ്രവർത്തനം പദ്ധതിയുടെ കൺവീനർ ശ്രീ എം.പി.ചന്ദ്രൻ എന്നിവരിൽ നിന്നും തുക ഈടാക്കിയെടുക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ബ്ലോക്ക് വ്യവസായ വികസന ഓഫീസർ 4-1-2008-ലെ ഇ.പി.പി.സി.140/99-ാം നമ്പർ കത്തുപ്രകാരം ജില്ലാ കളക്ടർക്ക് ഫോറം 2.4-ൽ ആർ.ആർ.റിക്വിസിഷൻ നൽകുകയുണ്ടായി. തൃശ്ശൂർ ജില്ലാ കളക്ടർ 12-2-2008-ലെ ഫയൽ നമ്പർ 2008/5405/8-ാം നമ്പർ കത്ത് പ്രകാരം ആർ.ആർ.സർട്ടിഫിക്കറ്റ് മുകുന്ദപുരം തഹസീൽദാർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും തുക ഈടാക്കിയെടുക്കുവാൻ തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായെന്നും വ്യവസായ വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീമതി സി.പി.ദേവകിയും തുടർ പ്രവർത്തനം പദ്ധതിയുടെ കൺവീനർ ശ്രീ.എം.പി.ചന്ദ്രനും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലേക്ക് ഇതിനെതിരെ പരാതി നൽകുകയുണ്ടായി. മുകുന്ദപുരം തഹസീൽദാരുടെ 6-1-2014-ലെ ഡി5/7617/08 നമ്പർ കത്ത് പ്രകാരം ശ്രീ. ചന്ദ്രൻ.എം. പി. എന്നയാളുടെ 3,49,150 രൂപയുടെ റവന്യൂ റിക്കവറി നടപടികളിന്മേൽ കുടിശ്ശിക കക്ഷി ഇതുവരെ ഒടുക്കിയിട്ടില്ല എന്നും ടിയാന് സ്വന്തമായി സ്ഥാവര ജംഗമവസ്തുക്കൾ ഒന്നുംതന്നെയില്ലെന്നും ടിയാന്റെ പിതാവ് പൈങ്കിളി എന്നവരുടെ ശ്രീ.കൊച്ചൻ കാവലൻ പേരിൽ പട്ടയം സിദ്ധിച്ച മേലൂർ വില്ലേജ് സർവ്വേ നമ്പർ 1194/1 ഉൾപ്പെടെ 63 1/2 സെന്റ് വരുന്ന വസ്തുവിൽ ഏകദേശം 2 സെന്റ് വരുന്ന

സ്ഥലത്ത് പട്ടികജാതിക്കാരനായ കുടിശ്ശികക്കാരനും കുടുംബവും കുടിൽ കെട്ടി താമസിച്ച് വരുന്നതായും പ്രാഥമിക സൗകര്യംപോലും ഇല്ലാത്ത ചുറ്റുപാടിലും ടിയാൻ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുമായതിനാൽ തുക പിരിച്ചെടുക്കുന്നതിന് കഴിയാതെ വന്നിട്ടുള്ളതായി വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വസ്തുവിൽ കുടിശ്ശിക കക്ഷിയുടെ പിതാവ് പൈങ്കിളിയുടെ 1/6 അവകാശത്തിൽ ശ്രീ. ചന്ദ്രന് അവകാശപ്പെട്ട 1/5 ഭാഗം ജപ്തി ചെയ്തിട്ടുണ്ട്. ഈ വസ്തുവിൽ ലേലം ചെയ്യുന്നതിന് പാർട്ടീഷ്യൻ സ്യൂട്ട് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്ന വിവരം തഹസീൽദാർ അറിയിച്ചിട്ടുള്ളതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.14.5 ശ്രീമതി ദേവകിയുടെ 1,96,771 രൂപയുടെ റവന്യൂ റിക്കവറി നടപടികളിന്മേൽ യാതൊരു തുകയും ടിയാരി അടവ് വരുത്താത്തതിനെ തുടർന്ന് കുടിശ്ശികക്കാരിയുടെ ഭർത്താവ് സുരേഷ് പേരിലുണ്ടായിരുന്നതും ടിയാന്റെ മരണശേഷം ഭാര്യ ദേവകി മക്കൾ സുജിത്ത്, സുമിത്ത് എന്നിവർക്ക് കൂട്ടായി അവകാശത്തിലുള്ളതുമായ മേലൂർ വില്ലേജ് സർവ്വേ നമ്പർ 1192/14-ൽ ഉൾപ്പെട്ട 0.0405 (10 സെന്റ്) ഭൂമിയിൽ ടിയാളുടെ 1/3 അവകാശം ജപ്തി ചെയ്തതായി തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വസ്തുവിൽ കുടിശ്ശികക്കാരിയും മക്കളും താമസിച്ചുവരുന്നതും വാസസ്ഥലത്ത് ജപ്തി ചെയ്യത്തക്ക ജംഗമവസ്തുക്കളൊന്നുംതന്നെയില്ലാത്തതും ടിയാരി സാമ്പത്തികമായി വളരെ പിന്നാക്കാവസ്ഥയിലാണെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തതായി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. കുടിശ്ശികക്കാരിയുടെ ഭർത്താവ് സുരേഷ് വളരെ വർഷങ്ങൾക്ക മുമ്പ് മണ്ണ് ഇടിച്ചിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടതായും മരണാനന്തര സഹായങ്ങളൊന്നും ടിയാരിക്ക് ലഭ്യമായിട്ടില്ലെന്ന് അറിയുന്നതായി തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടിശ്ശികയ്ക്കാധാരമായ വ്യവസായ എസ്റ്റേറ്റ് വനിത പ്രോജക്ട് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൈപ്പറ്റിയ തുകയ്ക്ക് 65% പണി പൂർത്തീകരിച്ചതാണെന്നും പണി പൂർത്തീകരിക്കാത്തത് ടിയാരി അംഗമായ കമ്മിറ്റിയുടെ അനാസ്ഥകൊണ്ടല്ലെന്നും പട്ടികജാതിക്കാരിയും വിധവയും ആയതിനാൽ കുടിശ്ശിക നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ടിയാരി ബഹു. മുഖ്യമന്ത്രി മുമ്പാകെ നൽകിയ പരാതിയിന്മേൽ താലൂക്കാഫീസിൽ നിന്ന് റിപ്പോർട്ട് നൽകിയിരുന്നുവെങ്കിലും ഇക്കാര്യത്തിന്മേൽ ഉത്തരവുകളൊന്നും വന്നിട്ടില്ലാത്തതു മാണെന്നും തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജപ്തി ചെയ്ത വസ്തുവിൽ കുടിശ്ശികക്കാരിക്ക് അവകാശപ്പെട്ട ഭാഗം ലേലം ചെയ്യുന്നതിന് പാർട്ടീഷ്യൻ സ്യൂട്ട് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ടെന്നും മേൽപ്പറഞ്ഞ വസ്തു കൂടാതെ കുടിശ്ശിക കക്ഷിക്ക് മറ്റ് ഭൂസ്വത്തുക്കളൊന്നും തന്നെയില്ലെന്നുമുള്ള വിവരവും തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.14.6 ശ്രീ. ചന്ദ്രൻ എം. പി.-യിൽ നിന്ന് തുക ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ചാലക്കുടി തഹസീൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. ശ്രീമതി ദേവകിയ്ക്കെതിരെ തുക ഈടാക്കാനുള്ള ജപ്തി നടപടികൾ മുമ്പേ ആരംഭിക്കുകയും ചെയ്തിരുന്നു. ദേവകി, മക്കൾ സുജിത്, സുമിത് എന്നിവർക്ക് കൂട്ടായ അവകാശത്തിലുള്ള പത്ത് സെന്റ് ഭൂമിയിൽ ടിയാരിക്ക് അവകാശമുള്ള 1/3 അവകാശം മുകുന്ദപുരം തഹസീൽദാർ ജപ്തി ചെയ്യുകയും ചെയ്തു. എന്നാൽ മേല്പറഞ്ഞ വസ്തുവിൽ കുടിശ്ശികക്കാരിയും മക്കളും താമസിച്ചുവരുന്നതും വാസസ്ഥലത്ത് ജപ്തിചെയ്യത്തക്ക ജംഗമ വസ്തുക്കൾ ഒന്നുംതന്നെയില്ല എന്നും തഹസീൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ശ്രീമതി ദേവകി അഡ്വാൻസായി വാങ്ങിയിട്ടുള്ളത് 82,250 രൂപ മാത്രമാണെന്നും എന്നാൽ ദേവകി ചെയ്ത പ്രവൃത്തികളുടെ വാല്യുവേഷൻ 98,665 രൂപ ആയതുകൊണ്ടും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിധവയായ സ്ത്രീ ആയതിനാലും സ്ഥാവര ജംഗമ വസ്തുക്കളിൽ ജപ്തി ചെയ്യാൻ ഇല്ലാത്തതിനാലും ടി റവന്യൂ റിക്കവറി തുക എഴുതിത്തള്ളുന്നതിന് 27-4-2018 തീയതിയിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. 27-4-2018 തീയതിയിലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 5(7) നമ്പർ തീരുമാനപ്രകാരം ശ്രീമതി ദേവകി സി.പി, ഇതര കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കാനുള്ള തുക എഴുതിത്തള്ളുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.14.7 ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ശ്രീമതി സി.പി.ദേവകിയ്ക്ക് 82,250 രൂപ മുൻകൂർ നൽകിയ പ്രവൃത്തിയിൽ (മേലൂർ വനിതാ വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമ്മാണം) 98,665 രൂപയുടെ പ്രവൃത്തി നടത്തിയതിന്റെ വാല്യുവേഷൻ റിപ്പോർട്ട് 4-8-2008-ലെ ഇ1-84/07 നമ്പർ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, ചാലക്കുടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, മേൽ പ്രവൃത്തി ഏത് കാലയളവിലാണ് നടത്തിയതെന്ന് പരിശോധിക്കുന്നതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ചാലക്കുടി തഹസീൽദാരുടെ 14-12-2011-ലെ ഡി1-7617/18 നമ്പർ കത്തുപ്രകാരം ശ്രീമതി സി.പി. ദേവകിയ്ക്കും കുടുംബത്തിനും കൂട്ടായി അവകാശപ്പെട്ട 10 സെന്റ് ഭൂമിയിൽ 1/3 ഭാഗം (മേലൂർ വില്ലേജ് സർവ്വെ നമ്പർ 1192/14-ലെ 0.0405 ഹെക്ടർ ഭൂമിയിലെ 1/3 ഭാഗം) ജപ്തി ചെയ്ത് 24-9-2008-ന് ഉത്തരവായിട്ടുണ്ട്. എന്നാൽ, ടിയാരിക്ക് സ്വന്തമായി സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാൽ റിക്കവറി നടത്തുന്നതിന് കഴിയാത്ത കാര്യവും തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3-3-2008-ലെ ഡി.5-7617/2008 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഈടാക്കുവാനുള്ള തുക 1,96,771 രൂപയുണ്ട്. ജപ്തി ചെയ്ത ഭൂമിയിൽ ലേല നടപടികൾ സ്വീകരിക്കുന്നതിനായി ചാലക്കുടി മുൻസിഫ് കോടതിയിൽ പാർട്ടീഷൻ സ്യൂട്ട് ഫയൽ ചെയ്യുന്നതിനായി നടപടികൾ

സ്വീകരിച്ചുവരുന്ന കാര്യവും തഹസീൽദാർ അറിയിച്ചിട്ടുണ്ട്. എന്നാൽ, കൈപ്പറ്റിയ മുൻകൂർ തുകയേക്കാൾ കൂടുതൽ മൂല്യമുള്ള പ്രവൃത്തി നടത്തിയതിനാൽ ടിയാരിക്കെതിരെയുള്ള റിക്കവറി നടപടികൾ നിർത്തി വയ്ക്കുന്നതിന് അപേക്ഷിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 27-4-2018-ലെ5(7) നമ്പർ പ്രകാരം തീരുമാനമെടുക്കുകയും 16-5-2018-ലെ ഡി.1228/13 നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണറോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടി വിവരങ്ങൾ ലഭ്യമായിട്ടില്ല. വ്യവസായ എസ്റ്റേറ്റ് തുടർ പ്രവർത്തനമെന്ന പ്രവൃത്തിക്കായി ശ്രീ. എം. പി. ചന്ദ്രൻ കൈപ്പറ്റിയ 1,45,000 രൂപ, 2,04,150 രൂപ പലിശയടക്കം (18%) ആകെ 3,49,150 രൂപ ഈടാക്കുന്നതിനായി ചാലക്കുടി തഹസീൽദാർ 3-3-2018-ൽ ഡി.5-7618/08 നമ്പർ നോട്ടീസ് നൽകുകയും തുക അടയ്ക്കാത്തതിനെ തുടർന്ന് ടിയാൾക്ക് ഓഹരി അവകാശമുള്ള മേലൂർ വില്ലേജിലെ സർവ്വേ നമ്പർ 1194/1-ൽ 8 സെന്റ് ഭൂമി ജപ്തി ചെയ്ത് 26-6-2018-ന് ഉത്തരവായിട്ടുണ്ട്. റിക്കവറി നടപടികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. 18-7-2018-ൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിൽ നടന്ന പ്രാദേശിക പരിശോധനയിൽ പ്രോജക്റ്റ് ഫയൽ, അളവ് പുസ്തകം (14 എ/98-99) എന്നിവ ഹാജരാക്കുകയുണ്ടായി. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ 31-3-2000-ൽ എ. ഇ. ഇ. ഡി. ആർ. ഡി. എ. തൃശ്ശൂർ ചെക്ക് മെഷർ ചെയ്തതായി കാണുന്നുണ്ട്. എ.ഇ. എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, ചാലക്കുടിയുടെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം (4-8-2018-ലെ ഇ.1-84/07) 1,01,892 രൂപ മൂല്യമുള്ള പ്രവൃത്തികൾ നടന്നിട്ടുണ്ട്. എന്നാൽ, മുൻകൂർ തുക 1,45,000 രൂപയുടെ പലിശയടക്കം ആകെ 3,49,150 രൂപ ഈടാക്കുന്നതിനുള്ള നടപടികളാണ് തുടർന്നുവരുന്നത്.

**ഖണ്ഡിക നമ്പർ 162**

<u>ശിപാർശ</u>

3.15.1 പട്ടികവർഗ്ഗ ഭവനനിർമ്മാണം എന്ന പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കൾ പൂർണ്ണ സംതൃപ്തരാണെങ്കിലും ഈ പദ്ധതിയുടെ ചെലവ് രേഖകൾ, അംഗീകരിച്ച പദ്ധതി, ഗുണഭോക്താക്കളുടെ പട്ടിക, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഫീസിൽ നിന്നും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നത് വളരെ ഗൗരവമായ സംഗതിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുക, ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ മിനിറ്റ്സിൽ ഉൾപ്പെടുത്തുക തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് വന്നിരിക്കുന്നത്. ജോയിന്റ് അക്കൗണ്ടിൽ നിന്നും തുക മുഴുവനും ഒരു മാസത്തിനുള്ളിൽ പിൻവലിച്ചിരിക്കുന്നതിനാൽ, ഗുണഭോക്താക്കൾക്ക് പണി തീരുന്നതിനനുസരിച്ച് തുക ഗഡുക്കളായി നൽകിയിരുന്നുവെന്ന് സമിതിയുടെ സന്ദർശന വേളയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മൊഴി വാസ്തവ വിരുദ്ധമാണെന്ന് സമിതി വിലയിരുത്തി. എന്നിരുന്നാലും മുതുവൻ കോളനിയിൽ

ബി.ഡി.ഒ. നല്കിയ ഗുണഭോക്തൃ ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന 17 പേർക്ക് വീടുകൾ ലഭിച്ചുവെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ച എന്ന വസ്തുത കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.15.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 162-ന്മേലുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഓഡിറ്റ് പരാമർശം താഴെ പറയും പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|
| ചാലക്കുടി | 162 | 2004-05<br>3.8.II.1.3 | 1999-2000 | 4 |

**ഖണ്ഡിക നമ്പർ 184**

<u>ശിപാർശ</u>

3.16.1 ടാറിംഗ് ഉൾപ്പെടെ 55,93,000 രൂപ വകയിരുത്തിയ ശാസ്താംകടവ്-മനക്കോടി റോഡ് നിർമ്മാണത്തിന് 50,89,494 രൂപ ചെലവഴിച്ചിട്ടും റോഡിന്റെ ടാറിംഗ് നടന്നതായി പറയുന്നില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക വശങ്ങൾ പരിശോധിക്കുന്നത് സാങ്കേതിക വിദഗ്ദ്ധർ തന്നെ ആയിരിക്കുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ശാസ്താംകടവ്-മനക്കോടി റോഡ് നിർമ്മാണത്തെക്കുറിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച്, അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

3.16.2 ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ടിലെ 184-ാം ഖണ്ഡികയായ "ശാസ്താംകടവ്-മനക്കോടി റോഡ് നിർമ്മാണം" എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ അന്വേഷണ റിപ്പോർട്ട് സൂക്ഷ്മ പരിശോധന നടത്തിയതിൽ ടിയാന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അംഗീകരിക്കാവുന്നതാണ്.

അന്വേഷണ റിപ്പോർട്ട് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

### ഖണ്ഡിക നമ്പർ 197

**ശിപാർശ**

3.17.1 1,06,400 രൂപയുടെ 475 ലിറ്റർ 160mm 6KG/സെ.മീ. പി.വി.സി. പൈപ്പ് വാങ്ങിയതിന്റെ രസീതും ആയത് കൺവീനർ കൈപ്പറ്റിയതിന്റെ രേഖയും മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളുവെന്നതും അന്തിമ ബിൽ ഇതുവരെയും തയ്യാറാക്കി നൽകിയിട്ടില്ലെന്ന വസ്തുതയും കണക്കിലെടുക്കുമ്പോൾ യഥാർത്ഥത്തിൽ കൺവീനർക്ക് നൽകിയ പൈപ്പ്, പമ്പ് ഹൗസ് മുതൽ ഫീൽഡ് വരെ കുഴിച്ചിട്ടിട്ടുണ്ടെന്ന വാദം സ്വീകരിക്കാൻ സാധിക്കുകയില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. എർത്ത് വർക്ക് എസ്കവേഷൻ മാത്രമേ നടത്തിയിട്ടുള്ളോയെന്നും പൈപ്പ് ലേ ചെയ്തിട്ടുണ്ടോയെന്നും പരിശോധന ആവശ്യമാണ്. ആയതിൽ സർക്കാർ തലത്തിൽ ഭൗതിക പരിശോധനയുൾപ്പെടെ അന്വേഷണം നടത്തി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.17.2 ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് ഖണ്ഡികയിന്മേൽ തൃശ്ശൂർ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) അന്വേഷണം നടത്തിയ റിപ്പോർട്ട് ചുവടെ സമർപ്പിക്കുന്നു.

3.17.3 ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിലെ 1998-99 വർഷത്തിൽ നടപ്പിലാക്കിയ 17-ാം നമ്പർ പ്രോജക്ട് ചൊവ്വൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എക്സ്റ്റെൻഷനുമായി ബന്ധപ്പെട്ട 475 ലിറ്റർ 160 എം.എം. 6 കെ.ജി/സെ.മീ. പി.വി.സി. പൈപ്പ് വാങ്ങിയതിൽ 1,06,400 രൂപയുടെ രസീതും ആയതിന്റെ കൈപ്പറ്റിയതിനുള്ള രേഖയും മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ എന്നും അന്തിമ ബിൽ തയ്യാറാക്കിയിട്ടില്ലെന്നും എർത്ത് എസ്കവേഷൻ മാത്രം നടത്തുകയും 160 എം.എം.പൈപ്പ് ഇട്ടിട്ടില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ നേരിട്ട് സ്ഥല പരിശോധന നടത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 14-7-2010-ന് സ്ഥലം നേരിട്ട് പരിശോധിച്ചു.

3.17.4 മേൽ പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്തിന്റെ 203/98 നമ്പർ തീരുമാനപ്രകാരം 2,20,000 രൂപയ്ക്ക് ഭരണാനുമതി നൽകുകയും 22-7-1999-ന് ബ്ലോക്ക്തല വികസന സമിതി 2,55,300 രൂപയ്ക്ക് താല്ക്കാലിക സാങ്കേതിക അനുമതി നൽകിയിട്ടുള്ളതും ടി തുകയ്ക്ക് 15-3-1999-ലെ ഐ.ആർ.ഐ/ബി.പി/50/98-99-ാം നമ്പർ പ്രകാരം ജില്ലാ വിദഗ്ദ്ധ സമിതി അംഗീകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ പദ്ധതിയുടെ എ.എസ്. 22,000 രൂപയിൽ നിന്നും ഉയർത്തി നൽകിയതായി കാണുന്നില്ല. ഈ പദ്ധതിയുടെ കൺവീനറായി ശ്രീ.കെ.എൻ.വിജയകുമാറിന് 24-3-1999-ലെ 219719-ാം നമ്പർ ചെക്ക് പ്രകാരം 50,000 രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. 22-3-1999-ൽ മലയാള മനോരമ ദിനപത്രത്തിൽ പ്രോജക്ടിന് ആവശ്യമുള്ള പൈപ്പ് വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ലഭിച്ചതിന്റെയോ ടെണ്ടർ

അംഗീകരിച്ചതിന്റേയോ രേഖകൾ ലഭ്യമല്ല. യൂണിവേഴ്സൽ ഡിസ്ട്രിബ്യൂട്ടേഴ്സ് കൊക്കാല സമർപ്പിച്ച ഇൻവോയ്സ് നമ്പർ 151 തീയതി 30-3-1999 പ്രകാരം 1,06,400 രൂപ 31-3-1999-ലെ 219728-ാം നമ്പർ ചെക്ക് മുഖേന യൂണിവേഴ്സൽ ഡിസ്ട്രിബ്യൂട്ടേഴ്സിന് നൽകിയിട്ടുണ്ട്. കൂടാതെ ടെണ്ടർ പരസ്യം നൽകിയ വകയിൽ 2,100 രൂപ 21-7-1999-ലെ 219767-ാം നമ്പർ ചെക്ക് മുഖേന മലയാള മനോരമ ദിനപത്രത്തിന് നൽകിയതായി കാണുന്നു. ടി പദ്ധതിക്കായി മൊത്തം 1,58,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

3.17.5 1998-99 വർഷത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ചൊവ്വൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നും ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിലെ പാറക്കോവിൽ പ്രദേശത്തേയ്ക്ക് ഏകദേശം 475 മീറ്റർ നീളത്തിൽ പൈപ്പിട്ടിട്ടുള്ളതായി കാണാൻ കഴിഞ്ഞു. ആയത് കൺവീനർ ശ്രീ. കെ. എൻ. വിജയകുമാറിന് ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ മുഖേന വാങ്ങി നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയിൽ തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഈ പദ്ധതിക്കായി തുടർന്ന് തുകകളൊന്നും തന്നെ ചെലവഴിച്ചിട്ടില്ലെന്നും തൃശ്ശൂർ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.17.6 4-6-2018-ന് പ്രവൃത്തി സ്ഥലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും നേരിട്ട് സന്ദർശിക്കുകയും ഭൗതിക പരിശോധന നടത്തുകയും പൈപ്പ് ലേ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. 5 വർഷത്തിന് മുമ്പ് വരെ ഇത് പ്രവർത്തനക്ഷമമായിരുന്നു. എന്നാൽ പ്രാദേശിക തർക്കംമൂലം 5 വർഷമായി ഇത് പ്രവർത്തിക്കുന്നില്ല എന്നും ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.17.7 ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിൽ 19-7-2018-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയ തൃശ്ശൂർ, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ (ജനറൽ) അന്വേഷണ റിപ്പോർട്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ പാറക്കോവിൽ പ്രദേശത്തേക്ക് 475 മീറ്റർ നീളത്തിൽ പൈപ്പിട്ടിട്ടുള്ള കാര്യം ബോധ്യപ്പെട്ടതായി പറയുന്നുണ്ട്. പ്രാദേശിക പരിശോധനാ വേളയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിലും ചൊവ്വൂർ സെന്ററിൽ വെള്ളം വീഴുന്നതിനായി നിർമ്മിച്ച പിറ്റും പൈപ്പിട്ടിരിക്കുന്ന ഭാഗങ്ങളും നേരിൽ കാണാൻ കഴിഞ്ഞു. എന്നാൽ, തുടർ പ്രവർത്തനങ്ങളൊന്നും നടത്തിയതായി കാണുന്നില്ല.

**ഖണ്ഡിക നമ്പർ 207**

ശിപാർശ

3.18.1 ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിൽ 20-2-1999 മുതൽ 12-4-1999 വരെയുള്ള കാലയളവിൽ പഞ്ചായത്തിന്റെ തീരുമാനങ്ങളൊന്നും മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ലെന്നുള്ള വ്യവസായ വികസന ഓഫീസറുടെ വെളിപ്പെടുത്തൽ വളരെയധികം ദുരൂഹതയുളവാക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.18.2 8-7-1998 വരെയുള്ള മിനിട്സ് ബുക്ക് വിജിലൻസ് ഓഫീസിലാണ്. ആയതിന്റെ ശരിപ്പകർപ്പ് പരിശോധിച്ചതിൽ 20-2-1999 മുതൽ 12-4-1999 വരെയുള്ള കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും 20-2-1999, 3-3-1999, 12-3-1999, 23-3-1999, 29-3-1999, 13-4-1999 എന്നീ തീയതികളിൽ യോഗങ്ങൾ ചേരുന്നതിന് ഹാജർ രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | യോഗം ചേർന്ന തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | മിനിട്സ് ബുക്കിൽ മിനിട്സ് രേഖപ്പെടുത്തിയിട്ടുണ്ട് | റിമാർക്സ് |
|---|---|---|---|---|
| 1 | 20-2-1999 | 10 അംഗങ്ങൾ | മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 2 | 3-3-1999 | 11 അംഗങ്ങളിൽ ഒരംഗം ഒപ്പിട്ടില്ല | മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 3 | 12-3-1999 | 10 അംഗങ്ങൾ | മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 4 | 23-3-1999 | 9 അംഗങ്ങൾ | മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 5 | 29-3-1999 | 10 അംഗങ്ങൾ | മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | |
| 6 | 13-4-1999 | 10 അംഗങ്ങൾ | മിനിട്സിൽ ഭാഗികമായി രേഖപ്പെടുത്തിയിട്ടുണ്ട്. പൂർത്തീകരിച്ചിട്ടില്ല. അംഗീകരിച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. | മിനിട്സ് പുസ്തകത്തിന്റെ 10, 11, 12 എന്നീ പേജുകളിൽ ഒന്നും രേഖപ്പെടുത്താതെ വിട്ടിട്ടുണ്ട്. |

3.18.3 ബ്ലോക്ക് പഞ്ചായത്തിന്റെ മിനിട്സ് ബുക്ക് രേഖപ്പെടുത്തേണ്ടതും സൂക്ഷിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല ആയതിനാൽ മിനിട്സ് യഥാസമയം എഴുതി സൂക്ഷിക്കാത്തത് ടി കാലയളവിലെ സെക്രട്ടറിയുടെ വീഴ്ചയായി കാണാവുന്നതാണ്. ടി കാലയളവിൽ ശ്രീ. ഡി. മുരളീധരഘോഷ്, ഉദയൻ വാതുക്കൽ വീട്,

മുറിഞ്ഞാക്കൽ പി.ഒ., കൂടൽ, പത്തനംതിട്ട ആയിരുന്നു സെക്രട്ടറി. ടിയാൻ 18-1-2000 വരെയാണ് ചേർപ്പ് പഞ്ചായത്ത് ഓഫീസിൽ ജോലി ചെയ്തിരുന്നത്. 18-10-2000-ത്തിൽ ടിയാനെ കോന്നി ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്തിരുന്നു. 30-6-2006-ൽ ടിയാൻ സർവ്വീസിൽ നിന്ന് വിരമിക്കുകയും പിന്നീട് മരണപ്പെട്ടതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.18.4 തൃശ്ശൂർ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ (ജനറൽ) അന്വേഷണ റിപ്പോർട്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മിനിട്സ് ബുക്ക് യഥാസമയം എഴുതി സൂക്ഷിക്കുന്നതിൽ ആ കാലയളവിലെ സെക്രട്ടറിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ആ കാലയളവിലെ സെക്രട്ടറി ശ്രീ. ഡി. മുരളീധരഘോഷ് 30-6-2006-ന് സേവനത്തിൽ നിന്ന് വിരമിച്ചതായും പിന്നീട് മരണപ്പെട്ടതായും ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇക്കാര്യം സംബന്ധിച്ച് രേഖകൾ ലഭ്യമായില്ല.

**ഖണ്ഡിക നമ്പർ 208**

<u>ശിപാർശ</u>

3.19.1 അന്നത്തെ ഭരണസമിതി അംഗങ്ങളെ കമ്മിറ്റിയിൽ വിളിച്ചുവരുത്തിയാൽ സത്യാവസ്ഥ അറിയാവുന്നതാണെന്നും, തീരുമാനം ഏകകണ്ഠമായി എടുത്തിട്ടുണ്ടെന്ന് കാണിച്ച് 13 ഭരണസമിതി അംഗങ്ങൾ ഒപ്പിട്ടുതന്നിട്ടുള്ളതായി തെളിവ് നൽകിയ മുൻ വ്യവസായ വികസന ഓഫീസർ ശ്രീ. ടി.യു. ജയപ്രകാശിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ആധികാരികമായി രേഖകൾ സൂക്ഷിക്കാതെ, ഭരണസമിതി അംഗങ്ങൾ ഒപ്പിട്ടുതന്നിട്ടുള്ളതായ രേഖയ്ക്ക് കടലാസിന്റെ വിലപോലുമില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.19.2 8-7-1998 മുതൽ 29-3-1999 വരെയുള്ള മിനിട്സ് ബുക്ക് വിജിലൻസ് ഓഫീസിലാണ്. ആയതിന്റെ ശരിപ്പകർപ്പ് പരിശോധിച്ച് നിലവിലെ തൃശ്ശൂർ എ.ഡി.സി. (ജന.) സമർപ്പിച്ച റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു. ടി കാലയളവിലെ എ.ഡി.സി.(ജന.) 2013 മാർച്ച് മാസത്തിൽ സേവനത്തിൽ നിന്ന് വിരമിച്ചതായി ടി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.19.3 മേൽ ഖണ്ഡിക സംബന്ധിച്ച കൂടുതൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാനില്ല എന്നറിയിക്കുന്നു.

## ഖണ്ഡിക നമ്പർ 209

<u>ശിപാർശ</u>

3.20.1 ജനകീയ ഭരണ സമിതികളുടെ നടത്തിപ്പുകാരനായ ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ഇപ്രകാരം തെളിവ് നൽകുന്നത് അംഗീകരിക്കാനാവില്ലെന്നും പഞ്ചായത്ത് ആക്ട് അനുസരിച്ച് മെയിന്റയിൻ ചെയ്യുന്ന മിനിട്സാണ് പ്രധാനമെന്നും, അല്ലാതെ ഭരണസമിതി അംഗങ്ങൾ പേപ്പറിൽ എഴുതിത്തരുന്നതിന് യാതൊരുനിയമസാധുതയില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും വ്യവസായ എസ്റ്റേറ്റുകൾക്ക് ഭൂമി വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും, ആയതിന് വ്യവസായ വികസന ഓഫീസർ കൂട്ടുനിൽക്കുകയും ചെയ്തതായി സമിതി വിലയിരുത്തി.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.20.2 ശ്രീ. ടി.യു. ജയപ്രകാശിനെ 14-7-2010-ന് രാവിലെ 11 മണിക്ക് ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നേരിൽ വിളിച്ചുവരുത്തി അന്വേഷണം നടത്തുകയുണ്ടായി. ശ്രീ. ജയപ്രകാശിന്റെ നടപടി സ്വീകാര്യമല്ലെങ്കിലും വ്യവസായ വികസന ഓഫീസർ എന്ന നിലയിൽ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ മിനിട്സ് ബുക്ക് രേഖപ്പെടുത്തുന്നതിനും സൂക്ഷിക്കുന്നതിനും ടിയാനെ അധികാരപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മിനിട്സ് രേഖപ്പെടുത്തുന്നതും സൂക്ഷിക്കുന്നതും ബ്ലോക്ക് പഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുമതി ഇല്ലാതെ പദ്ധതി നിർവ്വഹണം നടത്തിയത് ടിയാന്റെ വീഴ്ചയാണ്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ ഒപ്പിട്ട രേഖ സമർപ്പിച്ചത് മേൽ തീരുമാനം 23-3-1999-ൽ നടന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടുണ്ടായിരുന്നു എന്ന് തെളിയിക്കുന്നതിന് വേണ്ടിയായിരുന്നു എന്ന് ശ്രീ. ടി. യു. ജയപ്രകാശ് അറിയിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.20.3 മേൽ ഖണ്ഡിക സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാനില്ല എന്നറിയിക്കുന്നു.

## ഖണ്ഡിക നമ്പർ 210

<u>ശിപാർശ</u>

3.21.1 കളക്ടർ നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ തുക കൊടുത്ത് ഭൂമി വാങ്ങുക, അംഗീകരിച്ച പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് കൂടുതൽ ഭൂമി വാങ്ങുക തുടങ്ങിയവ സാധൂകരിക്കുന്നതിന് പ്രസ്തുത കാലയളവിലെ കമ്മിറ്റി തീരുമാനം, യോഗനടപടിക്കുറിപ്പ് എന്നിവ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ വ്യവസായ എസ്റ്റേറ്റുകൾക്ക് ഭൂമി

വാങ്ങിയതുമൂലം ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായ 1,90,428 രൂപയുടെ നഷ്ടത്തിന് പ്രസ്തുത കാലയളവിലെ വ്യവസായ വികസന ഓഫീസർമാർ തന്നെയാണ് ഉത്തരവാദിയെന്ന് സമിതി വിലയിരുത്തി.

3.21.2 റിപ്പോർട്ടിൽ പരസ്പര വിരുദ്ധമായിട്ടുള്ള വിശദീകരണം ലഭ്യമായിരിക്കുന്നതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച മിനിട്സ് കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് സമിതിക്ക് ഹാജരാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.21.3 പ്രസ്തുത കാലയളവിലെ മിനിട്സ് പരിശോധിച്ചതിൽ നിന്നും 20-2-1999 മുതൽ 13-4-1999 വരെയുള്ള (20-2-1999, 3-3-1999, 12-3-1999, 23-3-1999, 29-3-1999, 13-4-1999) എന്നീ തീയതികളിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്നിരുന്നു. എന്നാൽ ടി യോഗങ്ങളുടെ മിനിട്സ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ കളക്ടറുടെ 31-3-1999-ലെ കെ.ഡിസ് 17870/99/ഉ നമ്പർ ലാന്റ് വാല്യു സർട്ടിഫിക്കറ്റ് പ്രകാരം വെങ്ങിണിശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 19/5 പ്രകാരമുള്ള നിലത്തിന് സെന്റിന് 4,000 രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്. ഈ തുക നടപ്പുവിലയേക്കാൾ വളരെ കുറവാണെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 23-3-1999-ലെ യോഗത്തിൽ ജില്ലാ കളക്ടർ നിശ്ചയിച്ച വിലയേക്കാൾ 30% ഉയർത്തി സെന്റിന് 5,200 രൂപ വെച്ച് നിശ്ചയിച്ചിരുന്നു എന്ന് ടി കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തീരുമാനം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിന്റെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് വന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 18-1-2000-ൽ ചേർന്ന യോഗത്തിലെ 11-ാം നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വനിതകൾക്കുള്ള വ്യവസായ എസ്റ്റേറ്റിന് സ്ഥലമെടുക്കുന്നതിനുള്ള പദ്ധതികൾക്കായി വെങ്ങിണിശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 19/8-ൽ ഉള്ള ഭൂമിക്ക് ജില്ലാ കളക്ടർ നിശ്ചയിച്ച സെന്റിന് 4,000 രൂപ എന്നത് 30% ഉയർത്തി സെന്റിന് 5,200 രൂപ എന്ന നിരക്കിൽ വാങ്ങുന്നതിനും നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിനാൽ ടി കാലയളവിലെ വെങ്ങിണിശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 19/5, 19/8 എന്നീ സ്ഥലങ്ങൾക്ക് 1998-99 കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയും സെന്റിന് 5,200 രൂപ വില നിശ്ചയിച്ചിട്ടുണ്ടായിരുന്നതിൽ നിന്നും സെന്റിന് 5,200 രൂപ മേൽ കാലയളവിൽ ഉണ്ടായിരുന്നു എന്ന് കണക്കാക്കാവുന്നതാണ്. കൂടാതെ 29-9-2004-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ശ്രീ. ജയപ്രകാശിന്റെ നടപടിയിൽ മനഃപൂർവ്വമായ വീഴ്ചകൾ വന്നിട്ടില്ലെന്നും കണ്ടെത്തിയിട്ടുള്ളതായി തൃശ്ശൂർ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.21.4 1998-99-ലെ പൊതുവിഭാഗം മിനി വ്യവസായ എസ്റ്റേറ്റ് പദ്ധതിക്കായി ഭൂമി വാങ്ങിയതിൽ 66.64 സെന്റ് ഭൂമിക്ക് കളക്ടർ നിശ്ചയിച്ച വിലയേക്കാൾ (സെന്റിന് 4000) ഉയർത്തി സെന്റിന് 5,200 രൂപയായി വില നിശ്ചയിച്ച പഞ്ചായത്ത് കമ്മിറ്റിയുടെ ഐകകണ്ഠേനയുള്ള തീരുമാനം രേഖപ്പെടുത്തിയ മിനിട്സ് ഹാജരാക്കിയില്ല. 1999-2000 വർഷത്തിൽ പട്ടികജാതി വനിതാ മിനി വ്യവസായ എസ്റ്റേറ്റിനുവേണ്ടി 92 സെന്റ് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് 18-1-2000-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 11-ാം നമ്പർ തീരുമാന പ്രകാരം വെങ്ങിണിശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 19/5-ൽ ഉള്ള ഭൂമിക്ക് ജില്ലാ കളക്ടർ നിശ്ചയിച്ച വിലയേക്കാൾ (സെന്റിന് 4000) 30% ഉയർത്തി 5,200 രൂപയായി (സെന്റിന്) നിശ്ചയിച്ചത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കൂടാതെ തൃശ്ശൂർ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ (ജനറൽ) റിപ്പോർട്ടിൽ 19/5, 19/8 എന്നീ രണ്ട് സർവ്വേ നമ്പറുകൾ നൽകിയിട്ടുള്ളത് അവ്യക്തതയുണ്ടാക്കുന്നതായും റിപ്പോർട്ട് ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 216**

ശിപാർശ

3.22.1 17-1-2000-ലെ ജി.ഒ.(എം.എസ്.) 262/2000/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നടത്തിയ 27,599 രൂപയുടെ ചെലവുകൾക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.22.2 സർക്കാരിന്റെ 22-9-2010-ലെ സ.ഉ.(സാധാ.)നമ്പർ 3097/10/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വിദഗ്ദ്ധ സമിതി അംഗങ്ങൾക്ക് ഉത്തരവിന് വിരുദ്ധമായി കൈപ്പറ്റിയതായ തുകയ്ക്ക് സാധൂകരണം നൽകിയിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.22.3 തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (എ.സി.) 22-9-2010-ലെ സ.ഉ.(സാധാ.) നമ്പർ 3097/10 ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം വിദഗ്ദ്ധ സമിതി അംഗങ്ങൾ കൈപ്പറ്റിയ തുകയ്ക്ക് സാധൂകരണം നൽകിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 221**

ശിപാർശ

3.23.1 ഫൈനൽ ബില്ല് പ്രകാരം 31-3-2001-ൽ അധികം നൽകിയ 65,779 രൂപ ഘട്ടം ഘട്ടമായി തിരിച്ചടച്ചതിനാൽ പഞ്ചായത്തിന് പലിശയിനത്തിൽ 21,836 രൂപയുടെ

നഷ്ടം സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. യഥാസമയങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന വീഴ്ചയും അലംഭാവവും, നിരുത്തരവാദപരമായ സമീപനവുമാണ് ഇതിന് കാരണമെന്ന് സമിതി വിലയിരുത്തുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.23.2 ജനകീയാസൂത്രണ പദ്ധതി പ്രകാരം പണികഴിപ്പിച്ച അറവുശാല നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറായ ശ്രീ. സി.ജി. ശിവന് അധികം നൽകിയ തുകയായ 65,779 രൂപയും പലിശയും സഹിതം 74,777 രൂപ ടിയാനിൽ നിന്നും ഈടാക്കി 15-1-2008-ലെ 27-ാം നമ്പർ ചെലാൻ പ്രകാരം ചേലക്കര സബ്ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്നുള്ള വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.23.3 ചേലക്കര സബ്ട്രഷറിയിലെ ട്രഷറി ചെലാൻ നമ്പർ 27/15-1-08 പ്രകാരം 74,777 രൂപയാണ് തിരികെ അടവാക്കിയിട്ടുള്ളത്. 65,779 രൂപ മുതലും 21,836 രൂപ പലിശയിനത്തിലുള്ള നഷ്ടവുമടക്കം ആകെ 87,615 രൂപ തിരികെ ഈടാക്കുവാനുണ്ട്. ആയതിനാൽ ഈടാക്കിയ തുകയിൽ 12,838 രൂപയുടെ കുറവുള്ള വിവരം അറിയിക്കുന്നു. ആയത് നാളിതുവരെ അടവാക്കിയിട്ടില്ല.

**ഖണ്ഡിക നമ്പർ 222**

<u>ശിപാർശ</u>

3.24.1 ഓഡിറ്റ് പരാമർശപ്രകാരം തടസ്സപ്പെടുത്തിയ മുഴുവൻ തുകയും കൺവീനറിൽ നിന്ന് ഈടാക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.24.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 222 മേലുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഓഡിറ്റ് പരാമർശം താഴെ പറയും പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|
| പഴയന്നൂർ | 222 | 2004-05<br>8.II.3.2 | 1997-98<br>2001-02 | 28 |

**ഖണ്ഡിക നമ്പർ 227**

ശിപാർശ

വെള്ളച്ചിറ-പുഴിച്ചിറ റോഡ് സംബന്ധിച്ച ഗവൺമെന്റ് തലത്തിൽ അന്വേഷണം നടത്തേണ്ടത് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ വെള്ളച്ചിറ പുഴിച്ചിറ റോഡ് പണി സംബന്ധിച്ച് ഫിനാൻസ് വിംഗിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.25.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ 23-ാമത് റിപ്പോർട്ടിലെ 227-ാം ഖണ്ഡികയായ വെള്ളച്ചിറ-പുഴിച്ചിറ ബണ്ട് റോഡ് നിർമ്മാണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ അന്വേഷണ റിപ്പോർട്ട് സൂക്ഷ്മപരിശോധന നടത്തിയതിൽ, ടിയാന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അംഗീകരിക്കാവുന്നതാണ്. അന്വേഷണ റിപ്പോർട്ട് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 12.

അനുബന്ധം -I

# പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/തുടർ ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.6 | തദ്ദേശസ്വയംഭരണ വകുപ്പ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും നിലവിലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു |
| 2 | 2.2.6 | തദ്ദേശസ്വയംഭരണ വകുപ്പ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് | പ്രസ്തുത വിഷയം സംബന്ധിച്ച് കോടതിയിൽ നിലനിന്നിരുന്ന കേസിന്റെ വിധിക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു |
| 3 | 2.3.6 | തദ്ദേശസ്വയംഭരണ വകുപ്പ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.5 | തദ്ദേശസ്വയംഭരണ വകുപ്പ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് | പത്തനംതിട്ട JFMC-II-ലുള്ള CC 427/2011-ാം നമ്പർ കേസ്സിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിയും കേസ്സിന്റെ നിലവിലെ സ്ഥിതിയും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.5 | തദ്ദേശസ്വയംഭരണ വകുപ്പ്, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 2.6.8 | തദ്ദേശസ്വയംഭരണ വകുപ്പ്, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും 20 ലക്ഷം രൂപ വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള ഉല്പാദനം കയർ മേഖലയിൽ ഉണ്ടായിട്ടുണ്ടോയെന്നും സെന്ററിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 7 | 2.7.12 | തദ്ദേശസ്വയംഭരണ വകുപ്പ്, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | കോമളപുരം-ആസ്പിൻവാൾ-നേതാജി റോഡിന് കുറുകെയുള്ള കലുങ്കിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 8 | 2.8.13 | തദ്ദേശസ്വയംഭരണ വകുപ്പ്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ തുകയിൽ ഇനിയും ഈടാക്കാൻ അവശേഷിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 65,293 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറുടെ ബാദ്ധ്യതയായി നിർണ്ണയിച്ച് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടും നാളിതുവരെയായി ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ ബാദ്ധ്യത തുകയായ 65,293 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. നീക്കിയിരിപ്പ് വ്യത്യാസമായി കണ്ടെത്തിയ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായും ആരോപണവിധേയരായ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഇവർക്കെതിരായുള്ള നടപടികൾ തീർപ്പാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 2.9.6 | തദ്ദേശസ്വയംഭരണ വകുപ്പ്,മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് പരാമർശം സംബന്ധിച്ച് നാളിതുവരെ ഹാജരാക്കാത്ത 12,500 രൂപയുടെ ചെലവ് രേഖ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും അല്ലാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു |
| 10 | 2.10.4 | തദ്ദേശസ്വയംഭരണ വകുപ്പ്, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് പരാമർശം സംബന്ധിച്ച് സി.ബി.ഐ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |

അനുബന്ധം II

No. 41851/FIW.C3/10/Fin

Finance (Inspn.Tech.Wing) Dept
Dated: 13..01..2011

## ENQUIRY REPORT

Sub:- NABARD RIDF III – Sasthamkavu-Manakody road in Cherp Block – Reg

Ref:- Local Fund Audit Committee (2009-11) report 23rd report:- Para 184.

## 1.0.0 INTRODUCTION

1.1.0 Additional Chief Secretary (Finance) directed this wing to enquire into the irregularities committed in the execution of subject work based on a reference by Local Fund Accounts Committee, Kerala Legislative Secretariat.

1.2.0 Local Fund Accounts Committee Chairman vide his report for the year 2004-05 para 8.11.2.1 reported the following irregularities:

1.2.1 Earth filling using contractors own earth for embankment filling executed at an exorbitant rate of Rs. 981/10m$^3$ against the acceptable rate Rs. 555/10m$^3$. Hence Block Panchayat suffered a loss of Rs. 17,43,337/- for which recovery is suggested.

1.2.2 The road has collapsed at several portions and was not traffic worthy inspite of spending huge amount of money.

1.3.0 On perusal of relevant documents and subsequent site inspection on 28.09.2010 in the presence of Smt. O.R Beena, AEE Cherp Block, Sri. George Baby,

Assistant Engineer who was the Assistant Engineer in charge of the work at the time of execution the following are observations noted.

## 2.0.0 OBSERVATIONS

2.01 Cherpu Block Panchayat accorded administrative sanction for the subject work vide resolution No. 59/99 dated 20.02.1999 for an amount of Rs. 55,93,000/- and DLEC accorded technical sanction vide TS No.1428/DLEC/CPU/RD/521/98-99 dated 20.02.1999 for the same amount.

2.02 The work was awarded to Sri. K.A. Francis at an estimate rate and agreement was executed vide agreement No. 12/99-200 dated 16.12.1999. Though the agreement was executed by Sri. K.A. Francis, the work was executed by the power of attorney holder Sri. M.S. Michel. The work was reportedly commenced on 16.12.1999 and completed on 09.07.2002.

Final bill is prepared for an amount of Rs. 50,89,494/- and upto date payment effected is Rs. 43,26,070/-.

2.03 The proposal is for the formation of Sasthamkavu Manakodi road for a length of 1680m through the Kole fields in Thrissur District and is a link between two block panchayats Cherpu and Puzhakkal. The work includes the following items,

- Construction of culverts
- Filling for the road embankment – 37305m$^3$

- Two layer metalling - area 5400m$^2$
- Black topping - 5070m$^2$.

2.04 During construction of the road the quality control team of LBS Centre for science and Technology inspected the site and reported sinking and slip failure of the embankment in many locations in the portion between Ch: 0/000 – 1/000 KM and suggested to provide contour berms and recommended stage constructions of the embankment. It was also reported that embankment has sunk by about 2.75m and heaving of subsoil was noted on the edges of embankment as the existing sub soil was very weak. It is further reported that subsoil investigation was not done before the commencement of work due to the lack of funds.

2.05 The Quality control team in its inspection report dated 23.11.2002 recommended to discontinue the project and to take up the balance work as a separate project after the embankment is stabilised as the settlement is continuing and there is no possibility of constructing upper layer immediately.

2.06 Block Panchayat vide resolution No. 260/02 dated 30.11.2002 resolved to prepare the final bill of the work done so far for the subject work and to prepare the estimate for the balance work for approval. Accordingly, the Secretary Block Panchayat issued completion certificate. Hence the agreement was closed on completion of embankment formation, deleting the metalling and tarring work.

2.07 As per the recording in the 'M' Book 3/2001-02 on page 5 of the item No.7, earth filling using contractors own earth was executed for a quantity of 40918m$^3$ against the original provision of 37305m$^3$ as detailed below:

| | | |
|---|---|---|
| Quantity as per level calculation sheet | - | 36,644.70m$^3$ |
| Extra filling for sunken portion 1st stage | - | 1,780.36m$^3$ |
| Extra filling for sunken portion 2nd stage | - | 2,175.84m$^3$ |
| Extra filling for side bank | - | 317.10m$^3$ |
| Total | - | **40,918.00m$^3$** |

However field book containing the field levels plotted sheets and calculation sheets were not produced before the inspection team for verification to substantiate the quantity of earth work done. As the documents are not available the exact quantity of earth work involved could not be ascertained. However on perusal of documents it is observed that Assistant Executive Engineer, Cherpu Block had reported the initial levels for the work for a quantity of 38087m3 to the Chief Technical Examiner on 09.02.2000. It is further noted that vide resolution No. 206/02 dated 24.07.2002 Block Panchayat accepted the execution of extra filling required for the sunken portion for a quantity of 4277.70m$^3$ including side bank filling. Intermediate levels for the earth filling done for sunken portions were not seen reported to Chief Technical Examiner.

2.08 The agreed rate of item No.7, earth filling using contractors own earth is Rs. 981/10m$^3$. On verification of data analysis it is noted that the cost of cut gravel at the rate of Rs. 33/m3 is taken into account as cost of filling material,

which is not normally included in the item. The rate for earth work excavation in ordinary soil as per standard data No. 56 plus conveyance shall only be taken into account.

In the conveyance statement prepared by AE Cherpu Block source of earth mentioned as Karavannur with a lead of 10 Km. But the conveyance statement is not counter signed by higher authority. It may be noted that the work was completed 8 years back and hence the exact assessment of actual conveyance involved at the time of execution is beyond verification at the point of time. Therefore Executive Engineer PWD building Division, Thrissur who is the authority for certifying source of filling materials (fixing conveyance) in Thrissur District, was directed to submit a detailed report regarding the approved source / conveyance of earth at the time of execution (vide letter No. 41851/FIW.C3/10/Fin dated 12.11.2010). But the Executive Engineer did not respond to this office letter.

However during site inspection it is observed that the availability of 40918$m^3$ of good quality earth conforming to the specification in the nearby locality is remote as on date. As sufficient earth was not available locally, actual conveyance of earth can be accounted. It is further noted that the rate of respective item was prepared well before tendering the works and was approved by DLEC. In view of the ground situation noted above conveyance for earth for 10 Km, approved by DLEC has to be concurred.

2.09 It is further observed that the earth filling work involves earth work excavation and conveyance. As minimum lead and lift

are involved in the above two operations a duplication of one lead and lift arises when the two operations are carried out simultaneously. In the subject work the above operations are therefore considered as simultaneous, a deduction of one lead and lift equivalent to 2.10 women mazdoor is to be effected which is not seen done in this case.

2.10 It is also reported that embankment was consolidated using power roller and therefore for arriving rate of earth filling consolidation using power roller as per standard data may also be accounted.

2.11 Allowable rate for earth filling using contractors own earth is worked out as detailed below (as per 1996 SoR based on which the work tendered).

i. Earth work excavation as per item No. 56 of Data book

Unit $10m^3$

| | | |
|---|---|---|
| 0.90 Man x Rs.57/E | - | 51.30 |
| 2.75 Boy x Rs.43/E | - | 118.25 |
| $10m^3$ Conveyance of earth Rs. $52.15/1M^3$ (10Km) | - | 521.50 |
| Total | - | $691.05/10m^3$ |

ii. Deduction for one lead and lift (as per para 2.09)

| | | |
|---|---|---|
| 2.10 Woman x Rs. 46/E | - | $96.60/10m^3$ |

iii. Net total (i-ii)Rs.(691.05 – 96.60) - $594.45/10m^3$

iv. Addition for power rolling

1/37day hire charges for power roller 1340/day - 36.22

| | | |
|---|---|---|
| 0.5lr. Disel Rs. 9/litter | - | 4.50 |
| | - | Rs. 40.72/$10m^3$ |
| v. Allowable rate for earth filling | | |
| (iii + iv) - (594.45 + 40.72) | = | Rs. 635.17 |
| vi. 10% CP | - | Rs. 63.52 |
| Total (v + vi) | - | 635.17 + 63.52 |
| | - | Rs. 698.69/$10m^3$ |

Hence the allowable rate for earth filling is only Rs. 698.69/$10m^3$ against the agreement rate 981/$10m^3$

Hence excess cost involved is

$40918m^3 \times (981 - 698.69)/10m^3$

= Rs. 11,55,156.00

2.12 However on perusal of documents it is noted that earth filling was an item in the tender schedule and the rate was approved before tendering based on which contractor quoted 30% above estimate rate and finally agreed to execute the work at estimate rate which indicate that the estimate rate is the agreed rate.

It is further noted that agreement for the subject work was executed on 16.12.1999 based on 1996 SOR without considering the revision of SOR w.e.f. 01.07.1999.

## 3.0 CONCLUSION

3.01 As explained in para 2.08,2.09, 2.10, 2.11, the agreed rate of earth filling using contractors own earth as per item No.7 was erroneous and the allowable rate is only Rs. 698.69/$10m^3$

against the agreed rate Rs. 981/10m$^3$. Hence the excess cost involved is Rs.11,55,156.00.

3.02 As the metaling and tarring works were deleted, the road is presently not traffic worthy and hence Administrative Department may take suitable corrective action at an early date.

3.03 It is observed that the road embankment has failed at several locations and stage construction had to be adopted and full scope of work could not be completed which shows improper planning. Moreover no soil investigation was done before taking up the work. The officers who have planned the work may be advised to take up major works only after proper planning to avoid such failure in future case.

**Seen By Audit**

T. BHASI
DIRECTOR OF
LOCAL FUND AUDIT

**S. HARI KUMAR**
**Chief Technical Examiner &**
**Ex-officio Secretary to Government**

433/20

അനുബന്ധം III

No. 85038/FIW.C3/08/Fin

Finance (Inspn.Tech.Wing) Dept
Dated: 22..05..2009

## ENQUIRY REPORT

Sub:- Construction of Vellachira – Poozhichira Bund road in Aloor Panchayat – Local Fund Audit report – 2004-05 – Para 8.11.4(1)

Ref:- File No. 85038/Dev.3/08/Fin

### 1.0.0 INTRODUCTION

The above referred file has been transmitted to this wing to enquire into the irregularities in the execution of the subject work based on a reference by the Local Fund Accounts Committee Kerala Legislature Secretariat. Local Fund audit Director vide his report for the year 2004-05 para 8.11.4(1) reported that based on a preliminary examination of available records for the subject work a loss of Rs. 8,93,440/- was assessed for which recovery is recommended.

The irregularities noted are as detailed below.

1. Earth filling using contractors own earth including power rolling for embankment filling executed at a rate of Rs. 1160/10m$^3$ against the acceptable rate of Rs. 583/10m$^3$.
2. As per standard guideline, rate equivalent for one lead and lift (2.10 woman mazdoor) should be deducted from earth filling rate which is not seen effected.
3. Average conveyance of 10Km lead is accounted instead of local conveyance.
4. Cost of cut gravel is accounted for arriving at the rate of earth filling.
5. Two times power rolling for consolidation is seen accounted.
6. Excess land value paid should be recovered.

## 2.0.0 OBSERVATIONS:

On perusal of available records and subsequent site inspection on 03.02.2009 in the presence of Sri. K.S. Jayaraj, Assistant Executive Engineer, PAU Thrissur who was the Assistant Engineer in charge of the subject work at the time of execution, following observations are noted.

2.1.0 Administrative Sanction for the subject work was accorded by Mala Block Panchayat vide resolution No. 1(2) dated 28.11.1998 for an amount of Rs. 40,90,000/- Technical Sanction accorded by BLEC for an amount of Rs. 40,50,000/- vide order No. RD-691/98-99/MLA dated 28.05.1998 and agreement was executed vide No. 2/98-99 dated 25.01.1999. The work was arranged through convenor at estimate rate and completed on 05.02.2003. Final bill was raised for an amount of Rs. 42,18,657/- which is seen limited to Technical Sanction amount of Rs. 40,50,000/- and upto date payment effected is Rs. 40,01,998/- and it is seen that till date the final bill is not settled.

2.2.0 On verification of data analysis it is noted that cost of cut gravel at the rate of Rs. $33/m^3$ is taken into account as cost of filling material.

If contractors own earth is used for filling, normally earth work excavation in ordinary soil plus conveyance is only taken into account. For the subject work cost of earth at the rate of $33/10m^3$ plus 10Km conveyance is taken into account. It is reported that site for filling is a paddy field and sufficient quantity of good quality earth conforming to approved specification for embankment filling material was not available locally and it was available at a distance more than 15Km. It

may also be noted that the work was completed 6 years back and hence during inspection exact assessment of actual conveyance involved at the time of execution is beyond verification. Therefore Executive Engineer, PWD Building Division, Thrissur who is the authority for certifying the source of material (fixing conveyance) in Thrissur district, was directed to submit a report there of. The Executive Engineer, PWD building Division vide letter No. D9 – 3047/03 dated 15.05.2009 certified that the required quality of good earth was available at a distance more than 13 Km and the soil available was generally hard soil. It was also reported that there was no approved source for taking earth and the source for getting good quality earth of sufficient quantity at the time of execution of subject work was; Mattathur, Nalukettu, Nadukotta and Poopathi and the minimum distance is 13Km at the time of preparing estimate. Moreover the work was arranged through convenor of beneficiary committee at estimate rate. The estimate was prepared well before awarding the work and was approved by DLTC.

During site inspection it is observed that availability of 15484$m^3$ of good quality earth conforming to the specification in the nearby locality is remote. As sufficient earth was not available locally, actual conveyance of earth can be accounted. Hence based on the report of the Executive Engineer, PWD Buildings Division, Thrissur who is the authority for fixing conveyance in Thrissur District the rate of earth filling is calculated as follows, considering the actual conveyance as 13Km.

Earth work excavation as per Item no. 56 of Data book (Earth work excavation for ordinary soil).

0.90 Man x Rs. 57/E - 51.30

| | | | |
|---|---|---|---|
| 2.75 Boy x Rs. 43/E | | - | 118.25 |
| 13Km conveyance @ 63.40/10m$^3$ | | - | 634.00 |
| | | - | 803.55/10m$^3$ |

2.2.1 But as per data analysis of the respective item it is noted that only 10Km conveyance is taken into account. More over the Executive Engineer, PWD Buildings Division, Thrissur reported that the filling material available at the time of preparing estimate was hard soil considering the above the rate of earth filling worked out as follows.

Earth work excavation in hard soil as per data book item No. 57.

| | | | | |
|---|---|---|---|---|
| 3.60 Man | x | Rs. 57/E | - | 205.20 |
| 2.50 Boy | x | Rs. 43/E | - | 107.50 |
| Conveyance 10Km | x | Rs. 52.15/m$^3$ | - | 521.50 |
| | | | - | 834.20/10m$^3$ |

Out of the above two rates, the minimum rate is Rs. 803.55/10m$^3$ may be accepted.

2.2.2 It is further observed that the earth filling work involves earth work excavation and conveyance. As minimum lead and lift are involved in the above two operations a duplication of one lead and lift arises when the two operations are carried out simultaneously. However the argument of concerned officer that the two operations were carried out separately as the filling work was carried out in deep pits cannot be admitted. In the subject work the above operations are therefore considered as simultaneous, a deduction of one lead and lift equivalent to 2.10 woman mazdoor is to be effected, which is not seen done in this case.

Deduction proposed is:-

2.10 Woman x Rs. 46/E - 96.60/$10m^3$

2.2.3 It is also reported that embankment was consolidated using power roller and as per standard data the rate for power rolling is as follows:

1/37 days here charges for power roller

| | | | |
|---|---|---|---|
| | - 1340/day | = | 36.22 |
| 0.50l Diesel | - 9.00/liter | = | 4.50 |
| | | | = Rs. 40.72/$10m^3$ |

On verification of data analysis of respective item it is noted that the rate of power rolling is accounted as per standard data.

Hence the allowable rate for earth filling using contractors own earth is as follows.

| | | |
|---|---|---|
| (a) | Earth work excavation & conveyance | - Rs. 803.55/$10m^2$ |
| (b) | Deduction for one lead & lift | - Rs.(-) 96.60/$10m^3$ |
| | | - Rs. 706.95/$10m^3$ |
| (c) | Addition for power rolling | - Rs. 40.71 |
| | | - Rs. 747.66/$10m^3$ |

2.2.4 Hence the allowable rate for earth filling using contractors own earth can be considered as Rs. 747.67/$10m^3$ against the agreement rate Rs. 892/$10m^3$

Hence excess cost involved is , = $15484.24m^3$ x Rs. (892.00-747.67$m^3$)/$10m^3$

= Rs. 223484.00

| | | |
|---|---|---|
| Add 30% excess rate for Local rate as per G.O (P) No. 218/99/LAD dt. 20.1.99 | = | Rs. 67045.00 |
| Total | = | Rs. 290529.00 |

2.3.0 Block Development officer, Mala block vide letter No. E 443/09 dated 27.04.2009 reported that the land required for the subject work was obtained by free surrender and hence no expenditure incurred for land acquisition.

## 3.0.0 CONCLUSION

As explained in para 2.2.0, 2.2.1, 2.2.2, 2.2.3, and 2.2.4 the item No. 5 of Appendix B earth filling using contractors own earth shall be paid at the rate of Rs. 747.67/10m$^3$ against the approved rate Rs. 892/10m$^3$ as per the schedule of rate for the subject work. Accordingly the excess amount of Rs. 2,90,529/- shall be recovered from the final bill.

S. HARI KUMAR
Chief Technical Examiner

**Seen By Audit**

T. BHASI
DIRECTOR OF
LOCAL FUND AUDIT

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.